
2026 JUNE
VOL 25
ISSUE 6
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



"ചെറിയ കാര്യത്തിൽ വിശ്വസ്തൻ
വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും"

ലൂക്കാ 16, 10

**JESUS YOUTH**
A MISSIONARY
MOVEMENT AT
THE SERVICE OF
THE CHURCH

www.jykairosmedia.org



**പാദുവയിലെ വി. ആന്റണി**, OFM (1195 - 1231). കത്തോലിക്കാ പുരോഹിതനും ഓർഡർ ഓഫ് ഫ്രിയേഴ്സ് മൈനറിലെ അംഗവുമായിരുന്നു. പോർച്ചുഗലിലെ ലിസ്ബണിൽ ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ചു വളർന്ന ആന്റണി, ഇറ്റലിയിലെ പാദുവയിൽ മരിച്ചു. ശക്തമായ പ്രസംഗം, തിരുവചനങ്ങളെക്കുറിച്ചുള്ള വിദഗ്ധ അറിവ്, ദരിദ്രരോടും രോഗികളോടുമുള്ള അതില്ലാത്ത സ്നേഹം, ദൈവഭക്തി എന്നിവയാൽ സമകാലികർ അദ്ദേഹത്തെ ശ്രദ്ധിച്ചു, സഭാ ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട വിശുദ്ധരിൽ ഒരാളായിരുന്നു ആന്റണി. മരിച്ചു ഒരു വർഷത്തിനുള്ളിൽ വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു. 1946 ജനുവരി 16 ന് പയസ് പന്ത്രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ സഭയുടെ ഡോക്ടറായി പ്രഖ്യാപിച്ചു. തിരുനാൾ – ജൂൺ 13.

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com




# കരുതലോടെ വളർത്തണം കരുണയോടെ കാണണം

അമേരിക്കൻ എഴുത്തുകാരനായ ജെയിംസ് ക്ലിയർ 2018ൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് അറ്റോമിക് ഹാബിറ്റ്സ്. ചെറിയ ശീലങ്ങൾ തുടർച്ചയായി പരിശീലിക്കുമ്പോൾ അപാരമായ പ്രതിഫലനങ്ങൾ ജീവിതത്തിൽ അതുണ്ടാക്കുന്നു എന്നതാണ് അതിന്റെ പ്രമേയം. ഓരോ ദിവസവും തുടർച്ചയായി പരിശീലിക്കുന്ന കാര്യങ്ങൾ ഒരു മനുഷ്യന്റെ ഭൗതികവും ശാരീരികവും മാനസികവും ആധ്യാത്മികവുമായ തലങ്ങളെ വളർത്തുന്നുവെന്നും ദിനംപ്രതി അതിന്റെ വളർച്ച ദർശിക്കാനായില്ലെങ്കിലും നാളുകൾക്കുശേഷമുള്ള അതിന്റെ ക്ഷമത വലുതായിരിക്കുമെന്നും കായിക അഭ്യാസികൾ തുടർച്ചയായി നടത്തുന്ന പരിശീലനമാണ് മത്സരങ്ങളിൽ അവരെ പ്രാവീണ്യരാക്കുന്നതെന്നും അദ്ദേഹം പറയുന്നു.

ജീവിതത്തിൽ ദിനംപ്രതി അഭ്യസിക്കേണ്ടതും പരിശോധിക്കേണ്ടതുമായ ഒന്നാണ് സത്യസന്ധത എന്നത്. കളഞ്ഞു കിട്ടിയ വിലപിടിപ്പുള്ള വസ്തുക്കൾ ഉടമസ്ഥരെ കണ്ടെത്തി ഏൽപിക്കുന്ന സാധാരണക്കാരായ മനുഷ്യരെക്കുറിച്ച് പലപ്പോഴും വായിക്കുന്നുണ്ടാകും. ഒരു ദിവസം കൊണ്ട് അവർക്ക് ലഭിച്ച മൂല്യമല്ല ഈ സത്യസന്ധത. തുടർച്ചയായി ജീവിതത്തിൽ കാത്തുസൂക്ഷിക്കുന്ന മാനസിക, ആത്മീയ മൂല്യമാണത്. ആരും ശ്രദ്ധിക്കാനില്ലാത്ത സമയത്ത് ഒരുവൻ എങ്ങനെയാണോ പെരുമാറുന്നത് എന്നതാണ് ആ വ്യക്തിയുടെ യഥാർഥ മൂല്യബോധം എന്ന് പറയാറുണ്ട്.

സമയത്ത് ജോലിക്ക് എത്താതിരുന്ന ജോലിക്കാരനെ എവിടെയാണെന്ന് കടയുടമ വിളിച്ചു ചോദിച്ചു. സാർ ഞാൻ വീട്ടിൽ നിന്നും പുറപ്പെട്ടിട്ടേയുള്ളൂ, അരമണിക്കൂറിനുള്ളിൽ എത്തിക്കൊള്ളാമെന്ന് അയാൾ മറുപടി നൽകി. വീട്ടിൽ നിന്നും എന്തുകൊണ്ട് നേരത്തെ പുറപ്പെടാതിരുന്നുവെന്നു ചോദിച്ച് കടയുടെ അയാളോട് ആക്രോശിച്ചു. പക്ഷേ, കുറച്ചു കഴിഞ്ഞപ്പോൾ അയാൾ ചിന്തിച്ചു, എന്റെ കടയിലെ ഏറ്റവും സമർഥനായ തൊഴിലാളിയാണ് അയാൾ. പല കളവുകൾ കാരണങ്ങളായി പറയാമായിരുന്നിട്ടും അയാൾ അത് ചെയ്തില്ലല്ലോ. ജോലിക്കാരൻ കടയിൽ എത്തിയപ്പോൾ കടയുടമ പറഞ്ഞു: "എന്നോട് ക്ഷമിക്കണം, ആവേശത്തിൽ പറഞ്ഞു പോയതാണ്. നിന്റെ സത്യസന്ധമായ മറുപടിക്ക് ഞാൻ പാരിതോഷികം നൽകുന്നതാണ്." "മുഖസ്തുതി പറയുന്ന അധരങ്ങളെയും വീമ്പിളക്കുന്ന നാവിനെയും കർത്താവു ഛേദിച്ചുകളയട്ടെ" (സങ്കീ 12, 3).

സത്യസന്ധത എന്ന് പറയുന്നത് ഓരോ വ്യക്തിയും ദിനംപ്രതി കാത്തുസൂക്ഷിക്കേണ്ടതും അതുപോലെതന്നെ ഓരോ സമൂഹവും അതിനെ കരുണയോടെ കാണേണ്ടതുമാണ്. ഒരു വ്യക്തിക്ക് സത്യസന്ധമായി വ്യാപരിക്കാൻ വേണ്ട സാഹചര്യം ഒരുക്കേണ്ടതും അതിനെ പരിപോഷിപ്പിക്കേണ്ടതും അയാൾ ആയിരിക്കുന്ന സമൂഹമാണ്. ചെറിയ കാര്യങ്ങളിൽ പോലും പുലർത്തേണ്ട മനോഭാവവുമാണിത്. തെറ്റുകൾ അംഗീകരിക്കുക, വാഗ്ദാനങ്ങൾ പാലിക്കുക, പണം സ്വീകരിക്കുന്നതിലും കൊടുക്കുന്നതിലും ചിലവഴിക്കുന്നതിലുമുള്ള സുതാര്യത കാത്തുസൂക്ഷിക്കുക ഇവയെല്ലാം തുടർച്ചയായി പരിപാലിച്ച് വളർത്തേണ്ട ശീലങ്ങളാണ്. ദൈവവചനം പറയുന്നു: "ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തൻ ആയിരിക്കും. ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയ കാര്യത്തിലും അവിശ്വസ്തനായിരിക്കും" (ലൂക്കാ 16, 10).



എഡിറ്റർ-ഇൻ-ചീഫ്

കെയ്റോസ്
KAIROS ✦ 2026 JUNE ✦ VOL 25 ✦ ISSUE 6 ✦ PAGE 48

Kairos MEDIA

Rt. Rev. Dr. Alex Vadakkumthala
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Director, Kairos Media**
Dr. Chackochan Njavallil 9447572513

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 ✆+91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
INDIA: 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
✉ infoin@jykairosmedia.org
✆ +91 484 2984327

USA: Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
✉ info@jykairosmedia.org
✆ +1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam


കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal ✆ +91 98954 05631 ✉ arakkalshaji@gmail.com


contents

06


10


13


18


20



26


28


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**
കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  62382 79115
kairosmag@jykairosmedia.org

# letters

പാഥേയത്തിലെ സഞ്ജു സാംസനെ കുറിച്ചുള്ള കുറിപ്പുകൾ ശ്രദ്ധേയമാണ്. പൊതുവേദിയിൽ ദൈവനാമം മഹത്വപ്പെടുത്തുന്ന ശാന്തനും വിനീതനുമായ സഞ്ജുവിന്റെ പ്രകടനങ്ങൾ ഹൃദയത്തെ തൊടുന്നുണ്ട്. തേനാണ് ദൈവം എന്ന പേരിൽ ജിതിൻ ജോസഫ് എഴുതിയ ലേഖനം മനസ്സിൽ എവിടെയോ ഉടക്കി നിൽക്കുന്ന ചിന്തകൾ നൽകുന്നു. ലളിതചിന്ത എങ്കിലും ഹൃദയസ്പർശിയായ വായന. വെയിൽ തണലാക്കിയ ആൾ മരം എന്ന ലേഖനം ഏതൊരു മനുഷ്യന്റെയും ജീവിതത്തിലേക്ക് ഒന്ന് പിന്തിരിഞ്ഞു നോക്കാൻ പ്രേരണ നൽകുന്നുണ്ട്. മാതാപിതാക്കളുടെ ജീവിതം എങ്ങനെയാണ് മക്കളെ രൂപപ്പെടുത്തുന്നതെന്ന ആഴപ്പെട്ട ഒരു ആത്മധ്യാനം. ഫമിലിയ മൈസ്റ്റോറിയിലെ ജെറിൻ ജോസിന്റെ 'ജീവിതം ആഘോഷമാകാൻ' എന്ന തലക്കെട്ടിലെ അനുഭവങ്ങൾ ഏറെ ഹൃദ്യമായിരിക്കുന്നു. ഈ ദമ്പതികളുടെ ജീവിതം അനേകർക്ക് ഇനിയും പ്രചോദനമാവട്ടെയെന്ന് പ്രാർഥിക്കുന്നു. സാധാരണ രീതിയിൽനിന്ന് വേറിട്ട് നിൽക്കുന്ന ഇത്തരം അനുഭവങ്ങൾ ഔചിത്യ പൂർണമായിരിക്കുന്നു. പതിവുപോലെതന്നെ വാർത്താവിചാരത്തിലെ ചിന്തകൾ പിന്നെയും പിന്നെയും നമുക്കു നേർക്കുള്ള ശക്തമായ ഓർമപ്പെടുത്തലുകളാകുന്നു. വ്യക്തിപരമായ ജീവിതാനുഭവങ്ങൾ കൂടുതൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കുന്നു. ഇനിയും പ്രസിദ്ധീകരിക്കാൻ അഭ്യർഥിക്കുന്നു.


***മിനിമോൾ മാർട്ടിൻ, ആലുവ***

30

32

34

38

40



വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
വാർത്താവിചാരം
സ്മാർട്ട് കിഡ്സ്
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും



# സർവവും ഒരുമിപ്പിച്ചുനിർത്തുന്ന മൂലക്കല്ലാകുക; അതാണ് നമ്മുടെ വിളി


അപ്രദേശത്തെ ജീസസ് യൂത്ത് കൂട്ടായ്മ വളർത്തേണ്ടതെങ്ങനെ എന്നതായിരുന്നു അന്നത്തെ ഞങ്ങളുടെ ചർച്ച. കുറച്ച് മാസങ്ങൾക്ക് മുൻപ് അവിടത്തെ നേതാക്കളെല്ലാം ഒത്തുകൂടി നേതൃകൂട്ടായ്മകൾ ഉണ്ടാക്കി. ആ ക്ലസ്റ്ററുകൾ ആവേശത്തോടെ ഒത്തുകൂടാനും തുടങ്ങി. എന്നാൽ, രണ്ട് മീറ്റിംഗുകൾക്കുശേഷം, മിക്കവർക്കും താത്പര്യം നഷ്ടപ്പെട്ടു. അവിടത്തെ ലീഡർ അനു പറഞ്ഞവസാനിപ്പിച്ചു, 'ഇപ്പോൾ ഞങ്ങൾ ഏതാണ്ട് തുടങ്ങിയടുത്തുതന്നെ എത്തിയിരിക്കുന്നു. ഇനി എന്താ ചെയ്യുക?"

എന്റെ ചിന്ത ഇങ്ങനെയായിരുന്നു, ഇത് പുതിയ പ്രശ്നമൊന്നും അല്ലല്ലോ? എല്ലാ ഗ്രൂപ്പും മിനിസ്ട്രിയും നേരിടുന്ന പ്രധാന വെല്ലുവിളി. മറിച്ച്, ഏറെനാൾ തുടർന്നവരോട് യുവാക്കൾ ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്, "താങ്കൾ ഇത്രയുംനാൾ പിടിച്ചുനിന്നതെങ്ങനെ? ഈ സജീവ തുടർച്ചയുടെ രഹസ്യമെന്താണ്?"



ഫ്രം ദി ഹാർട്ട് – ഡോ. എഡ്വേർഡ് എടേഴത്ത്

## എന്താണ് കൂട്ടായ്മകളുടെ തകർച്ചയ്ക്ക് ഒരു പ്രതിവിധി?



ഒരു മുൻകാല ഓർമ. 1986 ജൂൺ മുതലാണ് ജെ.വൈ കോളേജ് ഗ്രൂപ്പുകൾ വളർത്താൻ വ്യക്തമായ ശ്രമങ്ങൾ തുടങ്ങിയത്. കഴിയുന്നത്ര കോളേജുകളിൽ നിന്ന് വിദ്യാർഥികളെ കൂടെക്കൂടെ ഒന്നിച്ച് കൊണ്ടുവന്ന് അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകുക എന്നതായിരുന്നു ആദ്യപടി. ആ വാരാന്ത്യ പരിശീലനങ്ങളുടെ സമാപനത്തിൽ അവരെ ദൗത്യബോധത്തോടെ പറഞ്ഞയക്കേണ്ട ദൗത്യം എനിക്കായിരുന്നു. ഈ കുട്ടികളാണ് തിരിച്ചുപോയി തങ്ങളുടെ സ്ഥാപനങ്ങളെ യേശുവിനായി മാറ്റിമറിക്കാൻ പോകുന്നവർ.

ചില സ്ഥാപനങ്ങളിൽ നിന്ന് കുറേ കുട്ടികളുണ്ടാകും, കുറേ സ്ഥലങ്ങളിൽനിന്ന് ചിലപ്പോൾ ഒന്നോ രണ്ടോ പേരും. ആദ്യംതന്നെ ഒരിടത്തുനിന്ന് പത്തിലധികം വിദ്യാർഥികൾ വന്നിരിക്കുന്നവരോട് കൈ ഉയർത്താൻ ഞാൻ പറയും. അവർ ആവേശപൂർവം കരമുയർത്തും. പിന്നെ അഞ്ചിൽ കൂടുതൽ, രണ്ടിൽ കൂടുതൽ, അവസാനം ഏക പ്രതിനിധികളോട് കരമുയർത്താൻ പറയും. ഒട്ടും ആത്മവിശ്വാസമില്ലാതെ അവർ കരമുയർത്തും.

അവരോട് ഞാൻ പറയാറുള്ളത് ഇതാണ്, ഈ ഏക പ്രതിനിധികളിലാണ് എന്റെ എല്ലാ പ്രതീക്ഷയും. ഒരിടത്തുനിന്ന് പത്തുപേരുണ്ടെങ്കിൽ ഓരോരുത്തരും ചിന്തിക്കും മറ്റുള്ളവരെല്ലാം വേണ്ടത് ചെയ്തുകൊള്ളും, കൂടിയാൽ പത്തു ശതമാനം മാത്രം ഞാൻ പരിശ്രമിച്ചാൽ മതിയാകും. എന്നാൽ, ഒരാൾ മാത്രമുള്ളപ്പോൾ അയാൾക്ക് ഒന്ന് തീർച്ചയാണ്, ഞാൻ പ്രവർത്തിച്ചില്ലെങ്കിൽ അവിടെ ഒന്നും നടക്കില്ല. അതുകൊണ്ടുതന്നെ അയാൾ ഏറെ തീക്ഷ്ണതയോടെ ദൈവരാജ്യ പ്രവർത്തനം നടത്തും. അധികം പേർ വന്നിട്ടുള്ള കോളേജുകളിൽ ചിലപ്പോൾ ഒന്നും നടക്കില്ല. സാധാരണ അതുകേട്ട് എല്ലാവരും പൊട്ടിച്ചിരിക്കും. മറ്റാരെയും നോക്കാതെ ഓരോരുത്തരും പൂർണ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന എന്റെ സന്ദേശം അവർ സ്വീകരിക്കുകയും ചെയ്യും.

ഒരർഥത്തിൽ ജീസസ് യൂത്തിലെ വലിയ അത്ഭുതം, ആഴമുള്ള ഉത്തരവാദിത്വത്തോടെ പ്രവർത്തന നിരതരാകുന്ന സാധാരണക്കാരുടെ വർധിച്ചുവരുന്ന എണ്ണമാണ്. ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിന്, അവർക്ക് മറ്റാരെയും നോക്കാൻ കഴിയില്ലെന്നും, കർത്താവിലേക്ക് മാത്രം ശ്രദ്ധിച്ച് പൂർണഹൃദയത്തോടെ ഞാൻ എന്റെ പങ്ക് നിർവഹിക്കണമെന്ന് ഏറെ ബോധ്യമുള്ളവരാണ് അവർ. അതിശയകരമെന്നു പറയട്ടെ വലിയ കഴിവുള്ള പലരിലും ഇല്ലാത്ത ഈ ബോധ്യം അനേക സാധാരണക്കാരിൽ കാണപ്പെടുന്നു. ഇതല്ലെങ്കിൽ മറ്റെന്താണ് ദൈവാത്മാവിന്റെ വലിയ പ്രവർത്തനം?

## മൂലക്കല്ലാകാനുള്ള വിളി

ബൈബിളിലെ ശ്രദ്ധേയമായ ഒരു വാക്ചിത്രമാണ് മൂലക്കല്ല്, അതായത് ഒരു വലിയ റോമൻ കമാനത്തിലെ ഏറ്റവും മുകളിലെ പ്രധാന കല്ല്. ഏറെ ആകർഷകമാണ് ഈ രൂപകം. റോമൻ വാസ്തുശിൽപ ശൈലിയിൽ കുമ്മായവും സിമന്റും ഒന്നുമില്ലാതെ വലിയ കല്ലുകൾ അടുക്കി ഏറ്റം മുകളിലെ മൂലക്കല്ലുവച്ച് മുഴുവൻ സൗധത്തെയും ഉറപ്പിക്കും. അതിന് ഇളക്കം തട്ടിയാൽ എല്ലാം തകരും. ഇത് പ്രത്യേകം ശ്രദ്ധേയമാണ്! മറ്റൊരു പ്രയോഗം 'അടിസ്ഥാന ശില' എന്നതാണ്, പക്ഷേ അത് കുറച്ച് വ്യത്യസ്തമാണ്.

ക്രിസ്തുവാണ് പ്രപഞ്ചത്തിന്റെയും മനുഷ്യരാശിയുടെയും മൂലക്കല്ല്. അവിടന്ന് എല്ലാം ക്രമീകരിച്ച്, തകർച്ചയില്ലാതെ പിടിച്ചു നിർത്തുന്നു. നമോരോരുത്തരും യേശുവിൽ അത്തരം മൂലക്കല്ലാകാൻ വിളി കിട്ടിയവരാണ്. ഒരു കൂട്ടായ്മയിലും ശുശ്രൂഷയിലും അത്തരം ഒരു മൂലക്കല്ല് ഇല്ലെങ്കിൽ ഒന്നിനും തുടർച്ച ഉണ്ടാകില്ല. ആ ഗ്രൂപ്പ് താമസിയാതെ കല്ലിൽകല്ല് ശേഷിക്കാതെ അപ്രത്യക്ഷമാകും.

## അടിസ്ഥാന ശിലയുടെ അഭാവത്തിൽ ശുശ്രൂഷകൾ നശിക്കുന്നു

ചിലപ്പോൾ നാം ആഗ്രഹിച്ചേക്കാം 'വേണ്ടത് ഒരു ടീമും നേതൃത്വവുമാണ്.' എന്നാൽ, അവർ സേവനത്തിൽ ഊന്നിയ ഉടമസ്ഥത ഏറ്റെടുക്കുന്നില്ലെങ്കിലോ? 'നമുക്ക് വേണ്ടത് നല്ല സംവിധാനങ്ങളും മാർഗനിർദേശങ്ങളുമാണ്?" ജൂതന്മാർ പണ്ട് വീമ്പിളക്കിയതും അവരുടെ എണ്ണമറ്റ നിയമങ്ങളെക്കുറിച്ചാണ് അതുതന്നെ അവർക്ക് വലിയ തടസ്സവുമായി മാറി.

"നമുക്ക് വേണ്ടത് കൂടുതൽ ധ്യാനങ്ങളും പരിശീലനങ്ങളുമാണ്" പഠനവും രൂപീകരണവും അവയിൽത്തന്നെ ലക്ഷ്യങ്ങളായി മാറാം, പക്ഷേ യഥാർഥ ആവശ്യം ദൈവരാജ്യ നിർമിതിയിൽ ഏർപ്പെടുന്ന തീക്ഷ്ണമതികളെയാണ്. 'ധാരാളം പ്രാർഥിക്കുക! കർത്താവ് പ്രവർത്തിക്കണം.' പ്രാർഥിക്കുക, തുടർന്ന് കർത്താവിന്റെ ഇഷ്ടമറിഞ്ഞ് നമ്മളും പ്രവർത്തിക്കുക.

നാം ആവർത്തിച്ച് കേൾക്കാറുള്ള മുൻ നിർദേശങ്ങൾ ദൈവരാജ്യ നിർമിതിക്ക് പ്രധാന പടികൾ തന്നെ. എന്നാൽ, കർത്താവ് ഭരമേൽപിച്ച വിളിക്ക് പ്രത്യുത്തരം നൽകി ആഴമുള്ള ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന ശിഷ്യനാണ് നല്ല മൂലക്കല്ലായി വർത്തിക്കുന്നത്. അതിന് പകരംവയ്ക്കാൻ മറ്റൊന്നുമില്ല.

## ചുറ്റുപാടുമുള്ള നല്ല മാതൃകകൾ തിരിച്ചറിയുക

ലക്ഷണമൊത്ത അനേകം നല്ല മൂലക്കല്ലുകളുടെ രൂപീകരണശാലയാണ് ജീസസ് യൂത്ത്. ബോധ്യങ്ങളും തീക്ഷ്ണതയുമുള്ള

എത്രയോ പ്രേഷിതശിഷ്യരെ മുന്നേറ്റം സമൂഹത്തിലേയ്ക്ക് അയച്ചു കൊണ്ടിരിക്കുന്നു. കോളേജിൽ ചേരാൻ പടികടന്നു ചെന്ന അരുണിന്റെ സ്വപ്നം അവിടെ ഊർജസ്വലമായ ഗ്രൂപ്പ് കെട്ടിപ്പടുക്കുക എന്നതായിരുന്നു. എന്നാൽ, മാസങ്ങൾക്കുള്ളിൽ അതുമാത്രമല്ല സുഹൃത്തുക്കളോടൊപ്പം, സമീപത്തുള്ള നിരവധി സ്ഥാപനങ്ങളിൽ കൂടെ അയാൾ കൂട്ടായ്മകൾ തുടങ്ങി. സ്മിത പുത്തൻ നാട്ടിലേക്ക് വിമാനം കയറിയതും അത്തരം പ്രേഷിത ആവേശത്തോടെയായിരുന്നു. അവിടെ വളർന്നുവന്ന സജീവ ശൃംഖലയുടെ അടിത്തറ അവളായി. പലരുടെയും ആവേശം തണുത്തപ്പോഴും സ്മിത പ്രാർഥനയും ഫോൺവിളിയും ഒക്കെയായി ഏവരെയും പിടിച്ചു നിർത്തി. ജീസസ് യൂത്തിൽ ഒന്ന് കണ്ണോടിച്ചാൽ ഇങ്ങനെ അനേകരെ കാണാം.

**ബോധ്യങ്ങളും തീക്ഷ്ണതയുമുള്ള എത്രയോ പ്രേഷിതശിഷ്യരെ മുന്നേറ്റം സമൂഹത്തിലേയ്ക്ക് അയച്ചുകൊണ്ടിരിക്കുന്നു.**

ബൈബിളും സഭാ ചരിത്രവും പരിശോധിച്ചാൽ, ഓരോ വഴിത്തിരിവിലും മികച്ച മൂലക്കല്ലുകൾ നമുക്ക് കാണാനാകും. എന്താണ് അവരുടെ സ്ഥിരതാ രഹസ്യം? ബുദ്ധി, വിദ്യാഭ്യാസം, വൈദഗ്ധ്യം, സാംസ്കാരിക പശ്ചാത്തലം ഒക്കെയായിരുന്നോ അവരുടെ അടിത്തറ? മോശയ്ക്ക് ആത്മവിശ്വാസം കുറവായിരുന്നു, ഡേവിഡ് സ്വന്തം കുടുംബത്തിൽ അവഗണിക്കപ്പെട്ടു, ഫ്രാൻസിസ് ആത്മീയമായി സമ്പന്നമായ ഒരു വീട്ടിൽ നിന്നല്ലായിരുന്നു. ദൈവരാജ്യത്തിന്റെ ഏറ്റവും മികച്ച നിർമാതാക്കൾ സാധാരണ സാഹചര്യങ്ങളിൽ നിന്നാണ് വന്നത്. എന്നിരുന്നാലും, ഒരു ഘട്ടത്തിൽ, അവർ കർത്താവിന്റെ വിളി കേട്ടു. പൂർണഹൃദയത്തോടെ പ്രതികരിച്ചു, അങ്ങനെ അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ഇത് അവരെ പരിവർത്തനത്തിലേക്ക് നയിച്ചു, അവർ അത്ഭുതകരമായ സ്ഥിരത പ്രകടമാക്കി. അവരിൽ മിക്കവർക്കും ശക്തിപകരാൻ ഒരു കൂട്ടായ്മയും തങ്ങളുടെ പുതിയ വിളിക്ക് അനുയോജ്യമായ ഒരു ജീവിതരീതിയും ഉണ്ടായിരുന്നു.

## എന്തെല്ലാമാണ് ഇവർ ഒരുമിപ്പിച്ചു നിർത്തുന്നത്?

ഒരു മൂലക്കല്ല് അതിന്റെ സ്ഥാനം, ഗുരുത്വാകർഷണം, ശില്പിയുടെ കരവിരുത് ഒക്കെ കൊണ്ടാണ് ഒരു കമാനത്തിൽ മറ്റ് കല്ലുകളെ സ്ഥാനത്ത് നിർത്തുന്നത്. അതിന്റെ ഫലമോ, ഏറെ അത്ഭുതകരവും മനോഹരവും ഒക്കെയാണ്. എന്നാൽ ക്രിസ്തീയ കൂട്ടായ്മയിൽ ഈ മനുഷ്യ മൂലക്കല്ലുകളുടെ ദൗത്യമെന്താണ്?

**1. ബന്ധങ്ങളുടെ താന്ത്രികർ**: അവർ ആളുകളെ ഒരുമിച്ച് കൊണ്ടുവരുന്നു, അനുരഞ്ജനം വളർത്തുന്നു, ഏവരെയും പ്രോത്സാഹിപ്പിക്കുന്നു. ഉദാഹരണത്തിന്, ഏതൊരു മീറ്റിംഗിനും ആദ്യം എത്തുന്ന അരുൺ അവസാനത്തെ വ്യക്തി പോയതിനുശേഷം മാത്രമേ പോകുകയുമുള്ളൂ.

**2. തീക്ഷ്ണത പകരുന്നവർ**: ഇത്തരക്കാർ ഏതൊരു ശുശ്രൂഷയുടെയും ഹൃദയതുടിപ്പാണ്. ഇവരാണ് പ്രവർത്തനങ്ങൾക്ക് ഊർജവും പുതിയ ആശയങ്ങളും നൽകുന്നത്.

**3. ഓർമകളുടെയും അഭിലാഷങ്ങളുടെയും സൂക്ഷിപ്പുകാർ**: അവരുടെ സമയബോധം എടുത്തുപറയണം. കൂട്ടായ്മയുടെ ഇന്നലെകൾ ഓർക്കുകയും ഭാവിയിലേക്ക് പ്രതീക്ഷയോടെ നോക്കാൻ മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും ചെയ്യുന്നത് ഇവരാണ്.

**4. സാംസ്കാരികത്തുടർച്ച**: ഓരോ വീടിനും ഗ്രൂപ്പിനും ഒരു തനത് സംസ്കാരമുണ്ട്. അത് ആ കൂട്ടായ്മയെ വ്യത്യസ്തമാക്കുന്നു. ഗ്രൂപ്പിന്റെ ദർശനവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. ഒരു നല്ല നേതാവ് അത് വിവേചിക്കുകയും അതിനെ വളർത്തുകയും ചെയ്യുന്നു.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ ജീവനുള്ള മൂലക്കല്ലുകൾ കൂട്ടായ്മയെ സ്വന്തമെന്ന് കരുതി അതിന് ജീവനിറവ് പകരുന്നു. അവരുടെ സജീവ സാന്നിധ്യം എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് കൂട്ടായ്മ വളർത്തുന്നു. ഗ്രൂപ്പിന്റെയും അതിലെ ഓരോരുത്തരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവർ പ്രാർഥിക്കുന്നു, സഹായം എത്തിക്കുന്നു. കൂട്ടായ്മയുടെ ഇന്നലെകളും നാളെകളും ഹൃദയത്തിൽ ഏറ്റുന്ന അവർ ഉത്സാഹഭരിതരായ തുടക്കക്കാരും ഒപ്പം തുടർച്ച ഉറപ്പാക്കുന്നവരുമാണ്. ഇവരാണ് കർത്താവിന്റെ കരങ്ങളിലെ നല്ല ദൈവരാജ്യ പ്രവർത്തകർ. അങ്ങനെയുള്ളവർ ഉള്ള കൂട്ടായ്മയും മിനിസ്ട്രിയും ഏറെ അനുഗൃഹീതം.

## അവസാനമായി

നമ്മുടെ ചിന്ത തുടങ്ങിയത് എന്തുകൊണ്ടാണ് കൂട്ടായ്മകൾ ഇല്ലാതാകുന്നത് എന്ന ചോദ്യവുമായാണ്. പിന്നെ, ആ കാമ്പസ് പരിപാടികളുടെ സമാപനം ഞാൻ സൂചിപ്പിച്ചു. ആ വിദ്യാർഥികളെ വെല്ലുവിളിച്ചപ്പോൾ അവരുടെ പ്രതികരണം ഏറെ പ്രോത്സാഹനം നൽകുന്നതായിരുന്നു. ഒരു വലിയ സ്ഥാപനത്തെ സുവിശേഷം കൊണ്ട് മാറ്റിമറിക്കാൻ പ്രത്യേകം നിയോഗിക്കപ്പെട്ടവരാണ് ഓരോരുത്തരും എന്ന ചിന്ത ഏറെ ആവേശത്തോടെയാണ് അവർ സ്വീകരിച്ചത്. ഒരു ചെറിയ കാലം കൊണ്ടുതന്നെ നാട്ടിലെ നൂറുകണക്കിന് കോളേജുകൾ ആ ചൈതന്യത്തിൽ മാറി മറിഞ്ഞു.

അപ്പോൾ ഒരു കൊച്ചു ചോദ്യം, വ്യക്തികൾക്ക് മാത്രമാണോ ഇങ്ങനെ മൂലക്കല്ലായി വർത്തിക്കാനാകുന്നത്? തീർച്ചയായും ഒരു വ്യക്തിക്കെന്നപോലെ ഒരേ ചൈതന്യത്തിൽ വേരൂന്നിയ ഒരു കൂട്ടായ്മയ്ക്ക് അതിലും വലിയ അത്ഭുതങ്ങൾ സാധ്യമാകും. അങ്ങനെ കൊടുങ്കാറ്റായി മാറിയ എത്ര ജീസസ് യൂത്ത് സ്നേഹ സമൂഹങ്ങളെ നമുക്കറിയാം! അങ്ങനെയെങ്കിൽ നാമോരോരുത്തരും, ഒപ്പം നാം ഭാഗഭാക്കാകുന്ന ചെറു സമൂഹങ്ങളും വലിയ ദൈവരാജ്യ പ്രവർത്തനങ്ങൾക്ക് അടിത്തറയാകുന്ന, അതിന് ഊർജം പകരുന്ന അടിസ്ഥാന ശിലകളും മൂലക്കല്ലും ആയിത്തീരട്ടെയെന്നാണ് എന്റെ പ്രാർഥന.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***




# *Subscribe!*

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds





# ഇവിടെ എനിക്ക് സുഖം!

**സർവതും ദാനമായി കിട്ടിയത്. എന്നിട്ടും അങ്ങനെയല്ലെന്നമട്ടിൽ ജീവിക്കുന്നതെന്ത്? നാം നാമായതിനു പിന്നിൽ ആരൊക്കെയെന്ന് അറിഞ്ഞിട്ടുണ്ടോ? ഈ വായനയിലതറിയും, പിന്നെ നന്ദി മാത്രമേ ഉള്ളിൽ നിറയൂ.**

**"ഒരാളെ ഓർമിക്കാൻ ഒരുപാട് വഴികളുണ്ടത്രേ; മറക്കാൻ, മറക്കുകയെന്നല്ലാതെ മറ്റുവഴികളൊന്നുമില്ലത്രേ"** *(നീൽ ക്ലീറ്റസ്)*

ഒരു പാവം പിടിച്ച പെൺകുട്ടി നഴ്സിങ്ങ് പഠനം കഴിഞ്ഞു നല്ല തണുപ്പൊക്കെയുള്ള ഒരു യൂറോപ്യൻ രാജ്യത്ത് ഒരു വിധത്തിൽ എത്തിപ്പെടുന്നു. മഞ്ഞുകാലത്തെ 'അഭിമുഖീകരിക്കാനായി വിന്റർ ഉടുപ്പ് വാങ്ങാൻ ആരോ ഇത്തിരി പണം ഏൽപിച്ചു. നാട്ടിലെ കണക്കുവച്ച് സാമാന്യം ഭേദപ്പെട്ട ഒരു തുകയാണ്. വീട്ടിൽ താഴെയുള്ളവരുടെ ഞെരുക്കങ്ങളറിയാവുന്ന അവൾ, കട്ടപ്പനയിൽ നിന്നായതുകൊണ്ടാകണം, കുറച്ച് തണുപ്പൊക്കെ പിടിച്ച് നിൽക്കാനാവും എന്ന ധൈര്യത്തിൽ ആ പണം നാട്ടിലേക്ക് അയച്ചുകൊടുക്കുന്നു.

ശരിക്കുമുള്ള തണുപ്പ് വരാനിരിക്കുന്നതേയുള്ളു. ആ കൊടിയ തണുപ്പിൽ റൂംഹീറ്റർ ഇല്ലാത്ത മുറിയിൽ ഇരുന്ന് കത്തെഴുതുന്ന അവളുടെ ആദ്യ വരിയിൽ അവൾ എഴുതുന്നു: 'ഇവിടെ എനിക്ക് സുഖം തന്നെ.' വീട്ടിലെ സാമ്പത്തികസ്ഥിതി അത്രയൊന്നും നല്ലതല്ലാത്ത പഴയ കാലത്ത് ഒരമ്മ, കഞ്ഞി എല്ലാവരുടെ പാത്രത്തിലും പങ്കിട്ടിട്ട് എന്നും ബാക്കി വരുന്ന കഞ്ഞിവെള്ളം, അപൂർവമായി ബാക്കി വരുന്ന വറ്റോടെ മോന്തുമായിരുന്നു. ഇളയ മകനാണ് ചോദിച്ചത് 'ഇതെന്താ ഇങ്ങനെ?' ആരെയും ഉപദ്രവിക്കാത്ത ഒരു നിർദോഷ നുണയായിരുന്നു മറുപടി, 'മോനെ, അമ്മക്ക് ചോറിന്റെ വറ്റ് കഴിച്ചാൽ വയറിന് വേദന വരും അതാ.' പിന്നെ വീട്ടിലെന്നെങ്കിലും വാങ്ങുന്ന വില കുറഞ്ഞ മീനിന്റെ മുള്ള് മാത്രം കഴിക്കുമ്പോഴും അമ്മ ഇതു പോലെന്തൊക്കെയോ പറഞ്ഞു കൊണ്ട് മക്കൾക്കായി നല്ല ഭാഗം പകുത്തു കൊടുത്തു. കാലം ഇളയ മകനെ വലിയൊരു വൈദികനാക്കി. അമ്മ അപ്പോഴേക്കും യാത്രയായിരുന്നു. അച്ചൻ എവിടെയോ കുറിച്ചു, 'അമ്മ ഉണ്ണാത്ത ചോറാണ് ഞാൻ.'

ദൈവപരിപാലനയുടെ സാക്ഷ്യമായ ഒരു സന്യാസസമൂഹത്തിന്റെ ആദ്യ നാളുകൾ. അവിടെ ആർക്കും വേണ്ടാത്ത മാനസിക, ശാരീരിക വൈകല്യം വന്ന കുട്ടികൾ, സ്ത്രീകൾ ഇവരെയൊക്കെ പൊന്നു പോലെ പരിചരിക്കുകയാണ് ആ അമ്മമാർ. വേണ്ടത്ര കട്ടിലൊന്നുമില്ലാത്ത കാലമാണ്. 'മക്കൾക്ക്" കട്ടിലും കിടക്കയും നൽകി പ്രായമായ മദർ ഉൾപ്പടെ സിസ്റ്റേഴ്സ് താഴെ നിലത്ത് കിടന്നായിരുന്നു ഉറങ്ങിയിരുന്നത്.


ബൈബിളിൽ ഇടയ്ക്കൊക്കെ കാണുന്ന ഒരു പ്രത്യേക പദമാണ് 'കൃതഘ്നത' (2 തിമോ 3, 2) ഈ വാക്കിന്റെ അർഥം മനസ്സിലാക്കാനുള്ള എളുപ്പമാർഗം കൃതജ്ഞതയുടെ വിപരീതപദം എന്ന് മനസ്സിലാക്കുക എന്നതാണ്. നിർഭാഗ്യവശാൽ 'കൃതഘ്നത 'നമ്മുടെ



**കാലം ഇളയ മകനെ വലിയൊരു വൈദികനാക്കി. അമ്മ അപ്പോഴേക്കും യാത്രയായിരുന്നു. അച്ചൻ എവിടെയോ കുറിച്ചു, 'അമ്മ ഉണ്ണാത്ത ചോറാണ് ഞാൻ'**

ഈ കാലഘട്ടത്തിന്റെ ഒരു പര്യായപദമായി തന്നെ മാറിയെന്നാണ്.

അച്ഛനോ, അമ്മയോ, ചേച്ചിയോ, ചേട്ടനോ ഒക്കെ അന്യ ദേശത്ത് തണുത്ത് വിറച്ചിട്ടാണ് തന്റെ തണുപ്പകറ്റുന്നതെന്നും, തന്നെ പഠിപ്പിക്കുന്നതെന്നും ഓർമിക്കാതെ അവരെ മറന്നും, വേദനിപ്പിച്ചും ലഹരിയിലും, ഐ–ഫോണിലും 'ഇൻസ്റ്റാ' പ്രണയത്തിലും സ്വയം മറന്ന് ജീവിതം കൊണ്ടാടുന്ന യുവത്വം ഓർമിപ്പിക്കുന്നത് ഈ പദം തന്നെയല്ലേ? കൃതഘ്നന്റെ പ്രത്യാശ ശീതകാലത്തെ മൂടൽമഞ്ഞുപോലെ ഉരുകും; ഉപയോഗശൂന്യമായ ജലം പോലെ ഒഴുകിപ്പോകും (ജ്ഞാനം 16, 29 ). ഈ വചനമൊക്കെ മനസ്സിലായിരുന്നെങ്കിൽ നമ്മുടെ കാലം ഇത്ര മാത്രം ഹോപ്‌ലെസ് ആകുമായിരുന്നില്ല. ആരൊക്കെയോ ഉണ്ണാത്ത ചോറും, അവരുടെ കണ്ണുനീരും ത്യാഗവുമാണ് ഇവിടംവരെയെത്തിച്ചതെന്ന് മറന്നു തുടങ്ങുന്നിടത്താണ് അഹങ്കാരത്തിന്റെ ഉത്തുംഗശൃംഗത്തിൽ നിന്ന് അഗാധതയിലേക്കുള്ള പതനത്തിന്റെ തുടക്കം.




"നിനക്ക് എന്തു പ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കേ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?" (1 കോറി 4, 7). വിശുദ്ധ പൗലോസിന്റെ ഈ ഓർമപ്പെടുത്തൽ നമ്മോടുതന്നെ. കുറച്ചു നാൾ മുമ്പ് കുമ്പസാരിക്കാൻ പോയതാണ്, റിട്ടയർ ചെയ്ത വൈദികരുടെ മന്ദിരത്തിൽ. പഴയ കാലത്തെ കുമ്പസാരക്കാരനും, ധ്യാനഗുരുവുമൊക്കെയായ വൈദികനെ അവിടെ കണ്ടെത്തി, കുറച്ചു സമയം ചിലവഴിച്ചു. എന്തെങ്കിലും സഹായം വേണോ എന്ന ചോദ്യത്തിന് 'ബുദ്ധിമുട്ടില്ലെങ്കിൽ കാല് ഒന്നു തടവി തരാമോ' എന്നായിരുന്നു മറുപടി. കുറേ ഓടിനടന്ന വൈദികനാണ് .

ഏതൊക്കെയോ ഗോതമ്പുമണികൾ നിലത്ത് വീണഴിഞ്ഞിട്ടാണ് നമ്മുടെയൊക്കെ ജീവിതം ഇങ്ങിനെ കതിരണിഞ്ഞു നിൽക്കുന്നത്. നമുക്ക് സുഖമുള്ള ഓർമകളും, ഭേദപ്പെട്ട ജീവിതവുമൊക്കെ തരാനായി ആരൊക്കെയോ മുറിഞ്ഞ് ഇല്ലാതായിട്ടുണ്ട് എന്ന തിരിച്ചറിവാണ് ജീവിതത്തെ വിമലീകരിക്കുന്നതും, നിർമമതയോടെ സമീപിക്കാൻ പ്രേരിപ്പിക്കുന്നതും. നമ്മളെ ആത്മീയമായി വളർത്താൻ ഇന്നലെകളിൽ 'തൊണ്ടപൊട്ടി' പാട്ടു പാടിയവരും, വചനം പങ്കിട്ടവരും, തളർന്ന മനസ്സുമായി കയറി ചെന്നപ്പോൾ വാച്ചു നോക്കാതെ കൂടെയിരുന്ന് സാന്ത്വനിപ്പിച്ചവരുമൊക്കെ ഇന്ന് എവിടെയുണ്ടാകും.

ഇനി ഈ ജൂൺ മാസത്തിൽ വിദ്യാലയങ്ങൾ തുറക്കുമ്പോൾ രണ്ടറ്റം മുട്ടിക്കാൻ പാടുപെടുന്ന ശുശ്രൂഷകരുടെ കുടുംബങ്ങളും, വേദിയിൽ നിറുത്തി കൈയടിച്ച് നാം പ്രോത്സാഹിപ്പിച്ചുവിട്ട 'വലിയ കുടുംബ'ങ്ങൾക്കുമൊക്കെ ശരിക്കും 'സുഖമാണോ?' സഹോദരരേ, നിങ്ങളുടെയിടയിൽ അധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ നയിക്കുകയും അനുശാസിക്കുകയും ചെയ്യുന്നവരെ അവരുടെ അധ്വാനം പരിഗണിച്ച് അത്യധികം സ്നേഹത്തോടെ ബഹുമാനിക്കണമെന്നു ഞങ്ങൾ അഭ്യർഥിക്കുന്നു; (1 തെസ 5, 12–13).

***തൃശൂർ സ്വദേശിയായ ലേഖകൻ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യൂ എഡ്യുക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി. മൂന്നു മക്കൾ.***



**ആലീസുകുട്ടിയും അത്ഭുതലോകവും**

സുജമോൾ ജോസ്

അസാമാന്യ ധൈര്യശാലിയായ, ജീവിതത്തിലെ പ്രതിസന്ധികളെ ദൈവത്തോടുചേർന്ന് അതിജീവിക്കുന്ന, ഹൃദയത്തിലും അധരത്തിലും ദൈവസ്തുതികളോടെ ജീവിക്കുന്ന ഒരാളാണ് ആലീസുകുട്ടി. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും നിറഞ്ഞ ഈ ജീവിതം സഭയ്ക്കും അനേകർക്കും അനുഗ്രഹമാകും.

₹ 150/-




**വെള്ളിത്താരകവും മരക്കുരിശും**

ബിഷപ്പ് ഡോ. അലക്സ് വടക്കുംതല

ഇപ്പോൾ എന്റെ കൈയിലുള്ളത് ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയുടെ 'വെള്ളിത്താരകവും മരക്കുരിശും' ആണ്. ഒന്നിലധികം തവണ ഈ മഹത് ഗ്രന്ഥം ഞാൻ വായിച്ചു. എന്നെ ഏറെ സ്വാധീനിച്ചു. ക്രൈസ്തവ സഭകളിലെ ഒരു വിഭാഗത്തിന് വേണ്ടി മാത്രം രചിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമല്ല ഇത്. വായിക്കാൻ കഴിയുന്ന എല്ലാവർക്കും വേണ്ടിയുള്ളതാണ്.

*(ടി. പത്മനാഭൻ)*

₹ 100/-

# ജീവിതത്തെ ഉണർത്തുന്നു, ഒന്നൊന്നായി ഓരോ പുസ്തകവും !





**കുളിർമയുള്ള തീച്ചൂള**

*കെയ്റോസിന്റെ വിസ്മയ വഴികൾ*

സണ്ണി കോക്കാപ്പിള്ളിൽ

കഠിന വഴികളിലൂടെയും പ്രതിസന്ധികളിലൂടെയുമുള്ള കെയ്റോസിന്റെ യാത്ര. ഇതൊരു പുറപ്പാടാണ്. ദൈവത്തോടുള്ള തീരാത്ത പ്രണയത്തിന്റെ, അവസാനിക്കാത്ത പ്രതീക്ഷകളുടെ, തകരാത്ത സ്വപ്നങ്ങളുടെ രുചിക്കൂട്ടാണ് കെയ്റോസിൻറെ 25 വർഷങ്ങൾ.

₹ 200/-





**ഞങ്ങടെ സ്വന്തം പള്ളിയച്ചൻ**

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ, സാജൻ സി എ, ജിന്റോ കെ.

ജീസസ് യൂത്ത് യുവജന മുന്നേറ്റത്തിന് ആത്മീയ ഉണർവ് പകർന്ന്, ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടി, നന്മ ചെയ്തുകൊണ്ട് ചുറ്റിസഞ്ചരിച്ച ഒരു ജെസ്യൂട്ട് വൈദികന്റെ സമർപ്പണജീവിതം.

₹ 199/-




**Rivers of living water**

(English)

Dr. Edward Edezhath

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെട്ടു വന്ന വഴികൾ. മുന്നേറ്റത്തിലെ വിവിധ തലങ്ങളിൽ ബന്ധപ്പെടുന്ന ഏവർക്കും ഏറെ ഉപകാരപ്പെടുന്ന പുസ്തകം.

₹ 200/-

# ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും.

ലൂക്കാ 16, 10



**പരിചയമുള്ള ചിലർക്കിടയിൽ നിന്നും പങ്കുവച്ചുകേട്ടത് വായനക്കാർക്കായി ഇവിടെ കുറിപ്പുകളാക്കുന്നു. ചെറിയ കാര്യങ്ങളിലെ വിശ്വസ്തത വലിയ കാര്യം തന്നെയാണ്. പ്രായഭേദമന്യേ ഏതൊരുവനും തിരിച്ചറിയേണ്ടതും അനുവർത്തിക്കേണ്ടതുമായ ഒന്നാണ് ചെറിയ കാര്യങ്ങളിലെ വിശ്വസ്തത. മനുഷ്യർക്കിടയിൽ പരസ്പരവും അതിലുപരി ദൈവത്തോടും, ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പാലിക്കേണ്ടതുണ്ട്. ജീവിതയാത്രയിൽ വലിയ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അർപ്പണബോധത്തോടും നിശ്ചയദാർഢ്യത്തോടും കൂടി ചെയ്യാൻ ചെറിയ കാര്യങ്ങളിലെ വിശ്വസ്തത നമുക്ക് അനുഭവസമ്പത്താകും തീർച്ച. ഈ താളുകളിലെ വായനയിലൂടെയും അതിനു ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.**

# കുഞ്ഞുകാര്യങ്ങളിൽ നമുക്ക് വിശ്വസ്തരാകാം



"ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കും" ഈ തിരുവചനം അനുദിന ജീവിതത്തിൽ എങ്ങനെയൊക്കെ പ്രതിഫലിക്കുന്നുവെന്ന് പങ്കുവയ്ക്കുകയാണ് കുറച്ചു കൂട്ടുകാർ. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തെ ഇത്ര സമീപസ്ഥനായി കണ്ടുമുട്ടുന്നത് എത്ര സുന്ദരവും രസകരവുമാണെന്ന് ഇതറിയുമ്പോൾ തോന്നുക സ്വാഭാവികം. വചനമായ ഈശോയെ നിത്യജീവിതത്തിൽ കണ്ടുമുട്ടാൻ കുട്ടികൾക്കും കൗമാരക്കാർക്കും ഇത് നിശ്ചയമായും ഉപകരിക്കും.

***എൽസീന ജോസഫ്, ബാംഗ്ലൂർ***

# കർത്താവേ കാത്തോണേ...

ഓരോ ദിവസവും രാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ ആ ദിവസത്തെ മുഴുവൻ കാര്യങ്ങളെയും ഈശോയുടെ കൈയിൽ സമർപ്പിച്ച് പ്രാർഥിച്ചു തുടങ്ങുമ്പോൾ അന്നത്തെ മുഴുവൻ കാര്യങ്ങളിലും തമ്പുരാന്റെ പരിപാലനയും സ്വരവും കേൾക്കാൻ കഴിയും. നിസ്സാരമായ ഉദാഹരണം പറയാം; ദിവസവും കോളേജിൽ ചെല്ലുമ്പോൾ എട്ടാം നിലയിലുള്ള എന്റെ ക്ലാസ്സിൽ ചെല്ലുന്നതിനായി ലിഫ്റ്റ് കാത്തുനിൽക്കേണ്ടി വരാറുണ്ട്. ഞാൻ നിൽക്കുന്ന വരിയിൽ ആളുകൾ കൂടുതൽ ഉള്ളത് കൊണ്ട് ചെറിയ ക്യൂ ഉള്ള സ്ഥലത്തേക്ക് മാറി നിൽക്കാൻ സ്വാഭാവികമായുള്ള പ്രവണത തോന്നും. കാരണം ക്ലാസ്സിൽ താമസിച്ചു ചെല്ലുന്നതും അറ്റൻഡൻസ് പോകുന്നതുമൊക്കെ പേടിച്ചിട്ടാണ് ഈ ടെൻഷൻ. പരിചയക്കാർ ചിലർ ചെറിയ ക്യൂവിലേക്ക് മാറുകയും ചെയ്തിട്ടുണ്ടായിരുന്നു. അവരുടെ കൂടെ പോകണോ വേണ്ടയോ എന്ന ആശങ്കയിൽ മനസ്സിൽ ഇങ്ങനെ ഈശോയോടു ചോദിക്കും, അപ്പുറത്തേക്ക് മാറണോ എന്ന്. വേണ്ട എന്നാണ് ഉള്ളിൽ കേൾക്കുന്ന സ്വരമെങ്കിൽ പിന്നെ അവിടെത്തന്നെ നിൽക്കും. എന്തൊക്കെയോ കാരണങ്ങൾ കൊണ്ട് ചെറിയ ക്യൂവിൽ നിന്ന മറ്റുള്ളവരെക്കാൾ മുന്നിലായി വലിയ ക്യൂവിൽ നിന്ന ഞാൻ ക്ലാസ്സിൽ ചെല്ലും. ഈ പരിപാടി എന്റെ സ്കൂൾ, കോളേജ് കാലഘട്ടത്തിൽ എപ്പോഴും ക്ലിക്കായിട്ടുണ്ട്. അതുകൊണ്ടുതന്നെ കൂട്ടുകാർക്കും അധ്യാപകർക്കും ഇടയിൽ 'കാര്യങ്ങൾ സമയത്ത് ചെയ്തു തീർക്കുന്ന കുട്ടി' എന്ന പരിവേഷവും ഉണ്ട്. അതിന്റെ ഭാഗമായി പലപ്പോഴും പല വലിയ ഉത്തരവാദിത്വങ്ങളും ഏൽപിച്ചിട്ടുണ്ട്. പിന്നിലെ രഹസ്യം ഇത്രയേ ഉള്ളു, നിയന്ത്രണം ഈശോയെ ഏൽപിക്കുക എന്നിട്ട് കണ്ണും പൂട്ടി അനുസരിക്കുക. ബാക്കി കർത്താവ് ഏറ്റെടുത്തോളും.



***മരിയ ബോബി, കാഞ്ഞിരപ്പള്ളി***

## വിശ്വാസം എന്നാൽ സാധ്യതയാണ്

ചെറിയ കാര്യങ്ങൾ ചെയ്യുമ്പോൾ കിട്ടുന്ന ആത്മവിശ്വാസത്തിൽ നിന്നല്ലേ നമ്മൾ വലിയ കാര്യങ്ങൾ ചെയ്യാൻ പ്രചോദിതരാകുക. നിസ്സാരമെന്നു കരുതുന്ന കാര്യങ്ങൾ പോലും നമുക്ക് കിട്ടുന്ന അവസരമായി കണ്ട്, പറ്റും എന്ന ബോധ്യത്തിൽ വിശ്വസ്തതയോടെ ചെയ്തുകഴിയുമ്പോൾ നമ്മുടെ വിശ്വാസം എത്രത്തോളമുണ്ടെന്നും സ്വന്തം സാധ്യതകളെ കുറിച്ചും പരിമിതികളെ കുറിച്ചുമൊക്കെ നമുക്കുതന്നെ ഉറപ്പാക്കാനും പറ്റുമല്ലോ. ഈശോ തോമാശ്ലീഹായോട് പറഞ്ഞില്ലേ "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന്. അതുപോലെ ചെറിയ കാര്യങ്ങളിൽ നാം വിശ്വസിച്ചാൽ മറ്റുള്ളവർക്ക് എന്നപോലെ തന്നെ നമുക്കും കാര്യങ്ങൾ ബോധ്യപ്പെടാനും കൂടുതൽ ഉത്സാഹത്തോടെ ചെയ്യാനും സാധിക്കും. വിശ്വാസം എന്നത് വാക്കുകളിൽ അല്ലല്ലോ, നമ്മുടെ പ്രവൃത്തികളിലൂടെ വേണം നമ്മൾ തെളിയിക്കാൻ. അത് നമുക്ക് വേണ്ടി മാത്രമല്ല. കൂടെയുള്ളവർക്ക് കൂടി പ്രചോദനമാകുകയും ചെയ്യും.



***ആനിയ സാബു, ഡിഗ്രി വിദ്യാർഥിനി, മരിയൻ കോളേജ് കുട്ടിക്കാനം***

## അൽപസംശയത്തിന് സ്കോപ്പ് ഇല്ല

എത്ര മനോഹരമായുള്ള വചനം ആണിത്. ആകെ ഒരു കാര്യമേ ഈശോ പറഞ്ഞിട്ടുള്ളു. ചെയ്യുന്ന കാര്യത്തിൽ വിശ്വസ്തത കാണിക്കുക. പലപ്പോഴും പല കാര്യങ്ങളും ചെയ്യാനുള്ള അവസരം കിട്ടുമ്പോൾ 'ഞാൻ ഇത് ചെയ്താൽ ശരിയാകുമോ' എന്നുള്ള സംശയവും ആവശ്യമില്ലാത്ത ചില അപകർഷതാ ബോധവും ഒക്കെ ഉണ്ടാവാറുണ്ട് നമുക്ക്. എന്നാൽ, കർത്താവ് ആവശ്യപ്പെട്ടത് കഴിവും മികവും ഒന്നുമല്ല, മറിച്ച് വിശ്വസ്തതയാണ്. ചെയ്യുന്ന കാര്യങ്ങളെ ദൈവകരങ്ങളിൽ സമർപ്പിച്ചു ആ ആശ്രയത്തിൽ മുന്നോട്ട് പോകുക എന്നുള്ളതാണ് ഈ ജീവിതത്തിൽ നമ്മളിൽ നിന്നും ദൈവം ആഗ്രഹിക്കുന്നത്. ബാക്കിയൊക്കെ കർത്താവു നോക്കിക്കൊള്ളും.



***നിക്സൺ തോമസ്, തലശ്ശേരി***

# ചെറുപടികളായി കയറണം

പലപ്പോഴും വലിയ സ്വപ്നങ്ങൾ കാണുന്നവരാണ് നമ്മൾ. വലിയ കാര്യങ്ങൾ ചെയ്യാൻ താത്പര്യമുള്ളവർ. ചെറിയ കാര്യങ്ങളെ നിസ്സാരമായി കാണാനുള്ള പ്രവണത കൂടുതലുമാണ്. നല്ല ജോലി ആഗ്രഹിച്ചു കാത്തിരിക്കുമ്പോൾ ഒരുപക്ഷേ കിട്ടിയത് ചെറിയ ജോലിയായിരിക്കും. ആഗ്രഹിച്ച ജോലിക്കുവേണ്ടിയുള്ള കാത്തിരിപ്പ് നീളുന്നതല്ലാതെ ജോലി മാത്രം കിട്ടുന്നില്ല. ഇങ്ങനെ ഒത്തിരിപ്പേരെ കണ്ടിട്ടുണ്ട്. വിശ്വാസത്തോടെയുള്ള കാത്തിരിപ്പിന് ഫലമുണ്ടാകും എന്നുള്ളതിന് സംശയമില്ല. പക്ഷേ, വലിയത് ആഗ്രഹിച്ചിട്ടും കിട്ടിയ ചെറിയ ജോലിയെ നിറഞ്ഞമനസ്സോടെ സ്വീകരിക്കാനും അവിടെ കിട്ടിയ ഓരോ അവസരത്തെയും പരമാവധി പ്രയോജനപ്പെടുത്താനും ശ്രമിക്കുമ്പോൾ ഈ പരിചയസമ്പത്തുകളുടെയൊക്കെ അടിസ്ഥാനത്തിൽ ഒടുവിൽ ആഗ്രഹിച്ചപോലുള്ള ജോലിയിലേക്ക് പടിപടിയായി എത്തുന്നതാണ് എന്റെ അനുഭവം. ഈ തിരുവചനത്തോട് ചേർന്നുനിൽക്കുന്നതാണ് താലന്തിന്റെ ഉപമ. അതിൽ ഈശോ നോക്കിയത് നിനക്ക് കിട്ടിയ താലന്ത് നീ എങ്ങനെ വിനിയോഗിച്ചു എന്നാണ്. കാര്യം സിംപിളാണ്. കർത്താവ് ഓരോ കാര്യത്തിലേക്കും നമ്മളെ വിളിക്കുന്നതും ഒരുക്കുന്നതും അവിടന്ന് നമ്മളെ പരിശീലിപ്പിക്കുന്നതും ഇങ്ങനെ കുഞ്ഞു കാര്യങ്ങളിലൂടെയാണ്. അതിലൂടെ ഒടുവിൽ അവിടന്ന് നമ്മുടെ ഹൃദയത്തിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരുമെന്ന് ഉറപ്പാണ്.

***ജിജിൽ ജോർജ്, ഗ്രാഫിക് ഡിസൈനർ, ബാംഗ്ലൂർ***



# പരീക്ഷാഹാളിൽ ഇരിക്കുമ്പോൾ ഓർക്കണം!

ഈ വചനം കേൾക്കുമ്പോൾ ആദ്യം മനസ്സിലേക്ക് വരുന്നത് പരീക്ഷാഹാൾ ആണ്. പ്രത്യേകിച്ചും മുതിർന്ന ക്ലാസ്സുകളിലെ പരീക്ഷ സമയം. പല വിഷയങ്ങളും നന്നായി പഠിച്ചിട്ട് പോകുമ്പോൾ പോലും ചോദ്യപേപ്പർ കിട്ടുമ്പോൾ കണ്ണിൽ ഇരുട്ടായിരിക്കും. കൂട്ടുകാരൊക്കെ അങ്ങോട്ടുമിങ്ങോട്ടും നോക്കി പരസ്പരം ആംഗ്യങ്ങൾ കാണിച്ചും ഉത്തരം സംഘടിപ്പിക്കുന്നത് കണ്ടിട്ടുണ്ട്. ഒത്തിരി പ്രയാസമുള്ള പരീക്ഷയാണെങ്കിൽ 'പാവങ്ങൾ ജയിച്ചുപോകട്ടെ' എന്ന് വിചാരിച്ചിട്ടാവണം ചിലപ്പോൾ അധ്യാപകരും ചെറിയ പരിഗണന കാണിക്കാറുണ്ട്. എനിക്കും സ്വാഭാവികമായുള്ള പ്രലോഭനം തോന്നുമെങ്കിലും ഈ തിരുവചനം മനസ്സിലേക്ക് ഓടിവരും. പിന്നെ അറിയാവുന്ന കാര്യങ്ങൾ വേഗം എഴുതിവച്ച് പരീക്ഷ പൂർത്തിയാക്കി മടങ്ങും. എന്നേക്കാൾ ഉയർന്ന മാർക്ക്  നേടിയ കൂട്ടുകാർ നിരവധി ഉണ്ടെങ്കിലും ജോലിയിൽ കർത്താവിന്റെ ഇടപെടൽ ഞാൻ അനുഭവിച്ചത് നിരവധി തവണയാണ്. അതിന്റെ കാരണവും ഇതുതന്നെയാണ്. ചെയ്യുന്ന കാര്യങ്ങളിൽ പുലർത്തുന്ന വിശ്വസ്തതയും ആത്മാർഥതയും നമ്മുടെ മേലധികാരികളിൽ നമ്മളെ കുറിച്ച് മതിപ്പ് ഉളവാക്കും. വിശ്വസ്തതയ്ക്ക് ദൈവം പ്രതിഫലം തരുമെന്ന് നിശ്ചയമാണ്.



***ദിയ സ്റ്റെല്ല മാത്യു, ക്ലൗഡ് അനലിസ്റ്റ്, പൂനെ***

# മനോഭാവമാണ് പ്രധാനം!

ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്ന സമയത്ത് ടീച്ചർമാർ ഓരോ കാര്യങ്ങളും ചെയ്യുന്നതിനായി കുട്ടികളെ ഏൽപിക്കുമല്ലോ. വഴക്ക് കേൾക്കാതിരിക്കാൻ വേണ്ടി കൂട്ടുകാരൊക്കെ അത് ഒരുവിധം ചെയ്ത് അവസാനിപ്പിക്കും. അന്നൊക്കെ എന്നെ ഏൽപിച്ചിരുന്ന കാര്യങ്ങൾ ഞാൻ വലിയ ഇഷ്ടത്തോടെയാണ് ചെയ്തിരുന്നത്. എന്നാൽ, കഴിയുന്നവിധം കാര്യങ്ങൾ ഉത്തരവാദിത്വത്തോടെ ചെയ്യണമെന്ന് എനിക്ക് നിർബന്ധമായിരുന്നു. ചെറിയ ക്ലാസ്സ് തൊട്ട് ഇതുതന്നെയായിരുന്നു എന്റെ രീതി. അങ്ങനെ ഡിഗ്രി ക്ലാസ്സിൽ എത്തിയപ്പോൾ കുറച്ചുകൂടി ഗൗരവമുള്ള ഉത്തരവാദിത്വങ്ങൾ ഡിപ്പാർട്ട്മെന്റിൽ നിന്നും ആവശ്യപ്പെടുന്നതനുസരിച്ച് ചെയ്യാൻ തുടങ്ങി. അങ്ങനെ ഇരിക്കുന്ന അവസരത്തിൽ ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച ഒരു ഫെസ്റ്റിന് വേണ്ടിയുള്ള തുകയുടെ–ഏതാണ്ട് നാലുലക്ഷം രൂപയുടെ–ഉത്തരവാദിത്വം അധ്യാപകർ എന്നെ ഏൽപിച്ചു. ആദ്യം ഞാൻ അമ്പരന്നു. പിന്നെ എനിക്കുതന്നെ മനസ്സിലായി ചെയ്യുന്ന കാര്യങ്ങളിൽ കാണിച്ചിരുന്ന വിശ്വസ്തതയും പരാതിയോ മടുപ്പോ കൂടാതെ ചെയ്യുന്നതും കൊണ്ടാണ് അവരെന്നെ ഇതിനായി തിരഞ്ഞെടുത്തതെന്ന്. പിന്നീടും എനിക്ക് ഇത്തരം വലിയ കാര്യങ്ങൾക്കുള്ള അവസരങ്ങൾ കിട്ടിയിട്ടുണ്ട്. ഏൽപിച്ച കാര്യങ്ങൾ ചെയ്യുക എന്നതിനപ്പുറം 'ഹൃദയങ്ങൾ അറിയുന്ന ദൈവം' നമ്മുടെ മനോഭാവത്തെ കൂടി പരിഗണിക്കുന്നു എന്ന കാര്യം ഈ വചനം എന്നെ പഠിപ്പിച്ചിട്ടുണ്ട്.

***ജെസ്വിൻ ജെസ്റ്റിൻ, എറണാകുളം***



# തിരിച്ചറിവായിരുന്നു വചനം

ചെറുപ്പത്തിൽ ചെയ്തുപോയ ചില അബദ്ധങ്ങൾ ഇനി ആവർത്തിക്കാതിരിക്കാനുള്ള ഓർമപ്പെടുത്തലാണ് എനിക്ക് ഈ വചനം. മതബോധനക്ലാസ്സിൽ പഠിക്കുമ്പോൾ മിഷൻ ലീഗുകുട്ടികൾക്കായി സത്പ്രവൃത്തികൾ രേഖപ്പെടുത്തുന്ന 'മാനുവൽ ബുക്ക്' എന്നൊരു കുഞ്ഞുബുക്ക് ഉണ്ടായിരുന്നു. അതിൽ ആ ആഴ്ച ചെയ്ത പുണ്യപ്രവൃത്തികൾ, ജപമാല, സുകൃതജപം എന്നിവയൊക്കെ എത്രയെണ്ണം എന്ന തരത്തിൽ എഴുതി സൂക്ഷിക്കണമായിരുന്നു. പലപ്പോഴും വേദപാഠക്ലാസ്സിൽ ഇരിക്കുമ്പോളാണ് ഈ ബുക്കിൽ എഴുതേണ്ട കാര്യം ഓർക്കാറുള്ളത്. പിന്നെ പെട്ടന്ന് മനസ്സിൽ തോന്നിയ വിധം ഒരു നമ്പർ എഴുതുക പതിവായിരുന്നു. കൂട്ടുകാർ തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും ഒക്കെ നോക്കിയും സംസാരിച്ചും ഒക്കെ എഴുതും. മിക്കവാറും ഒട്ടും സത്യസന്ധമല്ലാത്ത കണക്കുകളാണ് ആ പ്രായത്തിൽ എഴുതി കൊടുത്തിരുന്നത്. മുതിർന്നപ്പോളാണ് അന്ന് ചെയ്തിരുന്ന ചെറുതല്ലാത്ത ആ തെറ്റ് എനിക്ക് ബോധ്യപ്പെടുന്നത്. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ കൂട്ടുകാർ കൂടി ശ്രദ്ധിക്കുന്നുണ്ടെങ്കിൽ ആ കാര്യത്തിൽ നമുക്ക് ഉണ്ടാവേണ്ടുന്ന സത്യസന്ധത എത്ര വലുതായിരിക്കണം. കാരണം ഞാൻ ചെയ്യുന്ന തെറ്റ് അവർ ആവർത്തിക്കുമ്പോൾ എന്റെ തെറ്റും ഒപ്പം കൂട്ടുകാരെ തെറ്റിന് പ്രേരിപ്പിച്ചതും ചേർത്ത് ഞാൻ ഈശോയെ വേദനിപ്പിച്ചിട്ടുണ്ട്. അപ്പോൾ നന്മയായുള്ളത് ചെയ്യുമ്പോൾ അതുകണ്ടു കൂട്ടുകാർ അനുകരിച്ചാൽ അത് ഈശോയ്ക്ക് നൽകുന്നത് എത്ര വലിയ സന്തോഷമായിരിക്കും. ഇന്ന് എന്റെ ജോലിമേഖലയിൽ ഞാൻ അത് ശ്രദ്ധിക്കാറുണ്ട്. എന്റെ ഉത്തരവാദിത്വങ്ങൾ മറ്റുള്ളവർക്ക് കൂടി മാതൃകയാകുന്ന വിധം മനോഹരമായി ചെയ്യാനും ഹൃദ്യതയോടെ വലുപ്പച്ചെറുപ്പം നോക്കാതെ ഉപഭോക്താക്കളോട് പെരുമാറാനുമൊക്കെ.



***ഐഡ അഗസ്റ്റിൻ, ബാങ്കിൽ ജോലി ചെയ്യുന്നു, ചെമ്പേരി***



**കവർസ്റ്റോറി** - ഷാജി ലൂയിസ്, എറണാകുളം



അബ്രഹാം ലിങ്കൺ ഒരു ചെറിയ തുക തിരികെ നൽകാൻ കിലോമീറ്ററുകൾ നടന്നു പോയപ്പോൾ, അത് നീതിബോധത്തിന്റെ ചെറിയൊരു പ്രകടനം മാത്രമായിരുന്നു; പക്ഷേ, അതാണ് അദ്ദേഹത്തിന്റെ വിശ്വാസ്യതയുടെ അടിത്തറയായി മാറിയത്.

# ചെറിയകാര്യങ്ങളിലെ വിശ്വസ്തൻ

**മറ്റുള്ളവരെ ശ്രവിക്കാൻ സമയം കണ്ടെത്തുകയെന്നത് ഒരു മനുഷ്യനെ സ്നേഹിക്കുന്നതിന്റെ ഏറ്റവും സത്യമായ പ്രകടനങ്ങളിൽ ഒന്നാണ്.**

"ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിക്കും" (ലൂക്കാ 16, 10). ഈ വചനം ഒരു ഉപദേശം മാത്രമല്ല, ഒരു ജീവിതപാത കൂടിയാണ്. വിശ്വാസത്തിൽ ശാന്തമായി വളരുന്ന ക്രിസ്തീയ ജീവിതം വലിയ പ്രകടനങ്ങളിലൂടെയല്ല; ദിവസേന നാം ചെയ്യുന്ന ചെറിയ വിശ്വസ്തതകളിലൂടെയാണ് രൂപം കൊള്ളുന്നത്. ദൈവം നമ്മെ വിളിക്കുന്നത് വലിയ വേദികളിലേക്കല്ല, മറിച്ച് നമ്മുടെ കൈകളിൽ നൽകിയിരിക്കുന്ന ചെറിയ ഉത്തരവാദിത്വങ്ങളിൽ ആത്മാർഥതയോടെ നിൽക്കാനാണ്.

യേശുക്രിസ്തു നമ്മെ പഠിപ്പിച്ചതുപോലെ, "നിങ്ങളുടെ വാക്ക് 'അതെ' എന്നോ 'അല്ല' എന്നോ ആകട്ടെ" (മത്താ 5, 37). ഈ ലളിതമായ ആഹ്വാനം ഒരു സുതാര്യമായ ജീവിതത്തിലേക്കുള്ള ക്ഷണമാണ്. വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുള്ള, വിശ്വാസയോഗ്യമായ ഒരു വ്യക്തിത്വത്തിലേക്കുള്ള ക്ഷണം. ഇത് ഒരു ദിവസംകൊണ്ട് ഉണ്ടാകുന്ന മാറ്റമല്ല; പതുക്കെ പതുക്കെ രൂപംകൊള്ളുന്ന ആത്മീയ പാകപ്പെടലാണ്.

"ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ അതൊക്കെ വ്യർഥം" എന്ന് വചനം നമ്മെ ഓർമിപ്പിക്കുന്നു. അതായത്, സ്നേഹമില്ലാതെയുള്ള ഏറ്റവും വലിയ ത്യാഗങ്ങൾ പോലും അർഥശൂന്യമാണ്. മറുവശത്ത്, സ്നേഹമുണ്ടെങ്കിൽ വിശ്വസ്തത സ്വാഭാവികമായി ഓരോ കാര്യത്തിലും നിറയും. അപ്പോൾ ഓരോ ചെറിയ പ്രവൃത്തിയും "എനിക്കെന്നപോലെ അപരനും സഹായകമാകണം" എന്ന ചിന്ത വരും. ഇതാണ് യഥാർഥ ക്രിസ്തീയ ജീവിതത്തിന്റെ ആഴം.

ഈ സത്യത്തിന് ജീവിതം തന്നെയാണ് സാക്ഷി. പല മഹാന്മാരുടെയും ജീവിതം പരിശോധിച്ചാൽ കാണാം, അവരെ ഉയരങ്ങളിലേക്ക് നയിച്ചതും ചെറിയ കാര്യങ്ങളിലെ വിശ്വസ്തതയായിരുന്നു. മദർ തെരേസ ഒരു രോഗിയുടെ വേദന കേൾക്കാനും അവനെ കരുതലോടെ കൈപിടിക്കാനും എടുത്ത ചെറിയ തീരുമാനമാണ് ലോകത്തെ സ്പർശിച്ച മഹത്തായ സേവനമായി വളർന്നത്. അബ്രഹാം ലിങ്കൺ ഒരു ചെറിയ തുക തിരികെ നൽകാൻ കിലോമീറ്ററുകൾ നടന്നു പോയപ്പോൾ, അത് നീതിബോധത്തിന്റെ ചെറിയൊരു പ്രകടനം മാത്രമായിരുന്നു; പക്ഷേ, അതാണ് അദ്ദേഹത്തിന്റെ വിശ്വാസ്യതയുടെ അടിത്തറയായി മാറിയത്. മഹാത്മഗാന്ധി തന്റെ ചെറിയ തെറ്റുകൾ പോലും തുറന്നു സമ്മതിച്ച സത്യസന്ധതയിലൂടെ ഒരു രാജ്യത്തെ സത്യത്തിന്റെ വഴിയിൽ നയിച്ചു. ഇവരുടെ ജീവിതം നമ്മോട് പറയുന്നത്, വലിയ മഹത്വം പതുക്കെ പതുക്കെ ചെറിയ വിശ്വസ്തതകളിൽ നിന്നാണുയരുന്നത് എന്നാണ്.

ഈ വിശ്വസ്തത നിത്യജീവിതത്തിലെ ചെറു കാര്യങ്ങളിൽ പ്രകടമാകണം. സമയനിഷ്ഠ പാലിക്കുക. മറ്റുള്ളവരുടെ സമയത്തെ മാനിക്കുന്ന സ്നേഹത്തിന്റെ ഒരു രൂപം. നമുക്ക് ഏൽപിച്ചിരിക്കുന്ന വസ്തുക്കളെയും അവസരങ്ങളെയും മാന്യമായി കൈകാര്യം ചെയ്യുക. പൊതു വസ്തുക്കൾ പോലും ശ്രദ്ധയോടെ ഉപയോഗിക്കുക. ഇത് ഉത്തരവാദിത്വത്തിന്റെ അടയാളമാണ്. അതുപോലെ, മറ്റുള്ളവരെ ശ്രവിക്കാൻ സമയം കണ്ടെത്തുകയെന്നത് ഒരു മനുഷ്യനെ സ്നേഹിക്കുന്നതിന്റെ ഏറ്റവും സത്യമായ പ്രകടനങ്ങളിൽ ഒന്നാണ്. ഈ ചെറിയ ശീലങ്ങൾ എല്ലാം കൂടി നമ്മുടെയുള്ളിൽ വിശ്വസ്തതയുടെ വിത്തുകൾ നട്ടുവളർത്തുന്നു.

അങ്ങനെ ഒരു ചെറിയ വാക്ക്, ഒരു ചെറിയ സഹായം, ഒരു ചെറിയ ശ്രദ്ധ ഇവ ഇനി സാധാരണ കാര്യങ്ങളായിരിക്കില്ല; അവ സ്നേഹത്തിന്റെ പ്രകടനങ്ങളാകും. പതുക്കെ പതുക്കെ ഈ ചെറിയ വിശ്വസ്തതകൾ വളർന്ന്, നമ്മുടെ ജീവിതത്തിൽ വലിയ വസന്തങ്ങളായി വിരിയും. നമ്മെയും നമ്മിലൂടെ മറ്റുള്ളവരെയും മാറ്റുന്ന ദൈവിക അനുഗ്രഹമായി.

അതിനാൽ, നമുക്ക് മുന്നിലുള്ള ചെറിയ കാര്യങ്ങളെ നിസ്സാരമാക്കാതെ, സ്നേഹത്തോടും വിശ്വസ്തതയോടും കൂടി സ്വീകരിക്കാം. കാരണം, സ്നേഹത്തോടെ ചെയ്യുന്ന ചെറിയ കാര്യങ്ങളാണ് അത്ഭുതങ്ങളിലേക്കു നയിക്കുന്നത്. നമ്മുടെ ജീവിതംതന്നെ മറ്റുള്ളവർക്കൊരു വെളിച്ചമാകട്ടെ. ചെറിയ വിശ്വസ്തതകളിലൂടെ വലിയ കൃപയനുഭവിക്കുന്ന, അനേകരുടെ ഹൃദയങ്ങളിൽ വസന്തങ്ങൾ വിരിയിക്കുന്ന ഒരു ജീവിതസാക്ഷ്യം.

***എറണാകുളം സ്വദേശിയായ ലേഖകൻ, ജീസസ് യൂത്ത് ഇന്റർനാഷണൽ ഓഫീസിൽ എക്സിക്യൂട്ടീവ് ഡിറക്ടറായി സേവനം ചെയ്യുന്നു.***

# 'ദി മെയ്ഡ്'

## ചക്രചുരുളി:
## അധികാരത്തിന്റെ അനീതിയും പ്രതികാരത്തിന്റെ കാവ്യനീതിയും

**മുൻമൊഴി**

ഇരുളും വെളിച്ചവും തമ്മിലുള്ള നിത്യസമരമാണ് മനുഷ്യചരിത്രം. എന്നാൽ, വെളിച്ചം അണയുന്നിടത്തല്ല, മറിച്ച് വെളിച്ചത്തിന്റെ അതിപ്രസരത്തിൽ കണ്ണ് മഞ്ഞളിച്ചു പോകുന്നിടത്താണ് പലപ്പോഴും വലിയ ക്രൂരതകൾ ഒളിപ്പിച്ചുവയ്ക്കപ്പെടുന്നത്. ആഡംബരത്തിന്റെ സ്വർണനൂലുകൾ കൊണ്ട് തുന്നിക്കെട്ടിയ ഒരു കുടുംബത്തിന്റെ മാനം കാക്കാൻ, പാവപ്പെട്ടവന്റെ സ്വപ്നങ്ങളെ ബലി കൊടുക്കുന്ന അധികാരത്തിന്റെ ക്രൂരമായ വിനോദമാണ് തായ് ചലച്ചിത്രമായ 'The Maid' (2020). സംവിധാനം ലീ തോങ്ഖാം (Lee Thongkham). ആവർത്തിക്കപ്പെടുന്ന പാപങ്ങളുടെയും, അടങ്ങാത്ത പ്രതികാരത്തിന്റെയും ഒരു 'ചക്രചുരുളി'യായി ഈ ചിത്രം പ്രേക്ഷക മനസ്സിൽ പടരുന്നു.

**ദുരൂഹതയുടെ ലവണരസം**

കൊട്ടാരസമാനമായ ഒരു ആഡംബര ഭവനത്തിലേക്ക് ജോയി എന്ന യുവതി വീട്ടുജോലിക്കായി എത്തുന്നതോടെയാണ് സിനിമയുടെ ആരംഭം. അവിടത്തെ യജമാനന്മാരായ ഉമയും നിരാച്ചും തങ്ങളുടെ മകൾ നിധയെ നോക്കാൻ വേണ്ടിയാണ് ജോയിയെ നിയമിക്കുന്നത്. എന്നാൽ, ആ വീടിനുള്ളിൽ ശ്വാസംമുട്ടിക്കുന്ന ഏതോ നിഗൂഢതകൾ ഒളിഞ്ഞുനിൽക്കുന്നുണ്ടെന്ന് ജോയി തിരിച്ചറിയുന്നു. നിധ എന്ന കൊച്ചുപെൺകുട്ടി തനിക്ക് ചുറ്റും മറ്റാരോ ഉണ്ടെന്ന് വിശ്വസിക്കുകയും അവരോട് സംസാരിക്കുകയും ചെയ്യുന്നു.

തനിക്ക് മുൻപ് അവിടെ ജോലി ചെയ്തിരുന്ന പ്ലോയ് എന്ന വേലക്കാരി ദുരൂഹസാഹചര്യത്തിൽ കാണാതായതാണെന്നും, അവളുടെ ആത്മാവ് നീതിക്കായി ആ വീട്ടിൽ അലയുന്നുണ്ടെന്നും ജോയി കണ്ടെത്തുന്നു. പ്ലോയിയുടെ ആത്മാവ് ജോയിയോട് സംസാരിക്കാൻ തുടങ്ങുന്നതോടെ ആ കുടുംബത്തിന്റെ യഥാർഥ മുഖം വെളിപ്പെടുന്നു. പ്ലോയിയും നിരാച്ചും തമ്മിലുള്ള ബന്ധവും, അതിന്റെ ഫലമായി ജനിച്ച കുട്ടിയാണ് നിധ എന്ന സത്യവും ജോയ് തിരിച്ചറിയുന്നു. തങ്ങളുടെ കുടുംബ മഹിമ നിലനിർത്താൻ വേണ്ടി ഉമയും നിരാച്ചും ചേർന്ന് പ്ലോയിയെ ജീവനോടെ കുഴിച്ചുമൂടുകയായിരുന്നു. ഈ ക്രൂരതയ്ക്ക് സാക്ഷിയാകേണ്ടി വന്ന ജോയ് വെറുമൊരു വേലക്കാരിയല്ലെന്നും, കൊല്ലപ്പെട്ട പ്ലോയിയുടെ അനിയത്തിയാണെന്നും വെളിപ്പെടുന്നതോടെ സിനിമയുടെ ഗതി മാറുന്നു. തന്റെ ചേച്ചിയുടെ മരണത്തിന് ഉത്തരവാദികളായ എല്ലാവരോടും അവൾ നടത്തുന്ന രക്തരൂഷിതമായ പ്രതികാരമാണ് സിനിമയുടെ ബാക്കി ഭാഗം.

**അണിയറയിലെ കരവിരുത്**

അണിയറയിലെ ശില്പികൾ: ഒരു സിനിമയെ മികച്ച ദൃശ്യാനുഭവമാക്കുന്നത് അതിന്റെ സാങ്കേതിക തികവാണ്. ഹൊറർ എന്ന വിഭാഗത്തെ സോഷ്യൽ ത്രില്ലറുമായി ചേർത്ത് പുതിയൊരു ശൈലി രൂപപ്പെടുത്താൻ സംവിധായകന് സാധിച്ചു. സിനിമയെ മൂന്ന് അധ്യായങ്ങളായി തിരിച്ചത് കഥപറച്ചിലിന് വലിയൊരു ആഴം നൽകി.

ഫീതിഫോൺ സാംപ്രസാന്റെ ഛായാഗ്രഹണം ഈ സിനിമയെ സുന്ദരവും വന്യവുമാക്കുന്നു. ചിത്രത്തിലെ ഓരോ ദൃശ്യവും ഒരു പെയിന്റിംഗ് പോലെയാണ്. ചുവപ്പ് നിറത്തിന്റെ സമൃദ്ധമായ ഉപയോഗത്തിലൂടെ ഭയത്തെയും പ്രതികാരത്തെയും ഒരുപോലെ പ്രതിഫലിപ്പിക്കാൻ ക്യാമറയ്ക്കായി. നിഴലുകളും വെളിച്ചവും തമ്മിലുള്ള കളി അന്തരീക്ഷത്തിലെ ഭീകരത വർധിപ്പിച്ചു. തായ് ചലച്ചിത്രരംഗത്തെ മികച്ച എഡിറ്റർമാരിൽ ഒരാളായ മനസ്സ വോരാസിംഗ സിനിമയുടെ മൂന്ന് അധ്യായങ്ങളെയും (Chapters) തമ്മിൽ കോർത്തിണക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഫ്ളാഷ്ബാക്കുകളെയും വർത്തമാനകാലത്തെയും തമ്മിൽ ഇഴചേർത്ത രീതി എടുത്തുപറയേണ്ടതാണ്. ഒട്ടും മടുപ്പിക്കാതെ, ഉദ്വേഗം നിലനിർത്തിക്കൊണ്ട് പ്രേക്ഷകനെ കഥയുടെ ചക്രചുരുളിയിലേക്ക് വലിച്ചിടാൻ എഡിറ്റിംഗ് സഹായിച്ചു.




**അധികാരവർഗം പാവപ്പെട്ടവനെ ചവിട്ടി മെതിക്കുമ്പോൾ മൗനം പാലിക്കുന്ന സമൂഹം വലിയൊരു ധാർമിക ച്യുതിയിലാണ്.**

**അഭിനയമെന്ന പരകായപ്രവേശം**

കഥാപാത്രങ്ങളുടെ സങ്കീർണതയാണ് ഈ ചിത്രത്തിന്റെ ജീവൻ. ഈ സിനിമയിലെ നായികയായ ജോയ് എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത് തായ്‌ലൻഡിലെ പ്രശസ്ത നടിയായ പ്ലോയ് സോനറിൻ ആണ്. സിനിമയുടെ ആധാരശില ഈ നടിയുടെ പ്രകടനമാണ്. ഒരു നിഷ്കളങ്കയായ വീട്ടുജോലിക്കാരിയിൽ നിന്നും പ്രതികാരദാഹിയായ കൊലയാളിയിലേക്കുള്ള അവരുടെ മാറ്റം അവിശ്വസനീയമായ മികവോടെയാണ് പ്ലോയ് അവതരിപ്പിച്ചത്. പ്രത്യേകിച്ച് സിനിമയുടെ ക്ലൈമാക്സ് രംഗങ്ങളിലെ അവരുടെ ഭാവമാറ്റങ്ങൾ പ്രേക്ഷകരെ അമ്പരപ്പിക്കും.

സവിക ചായ്ഡെജ് അവതരിപ്പിച്ച ഉമ എന്ന കഥാപാത്രവും നമ്മെ അതിശയിപ്പിക്കും. കുലീനതയുടെ മുഖംമൂടിക്കുള്ളിലെ ക്രൂരതയെ ഇത്രയും തന്മയത്വത്തോടെ അവതരിപ്പിച്ച മറ്റൊരു നടിയുണ്ടാകില്ല. തീരപത് സജകുൽ നിറഞ്ഞാടിയ നിരാച്ച് അഭിനയത്തിന്റെ അച്ചടക്കലാവണ്യം എന്നതിനു ഒരു പാഠമാകുന്നു. കുറ്റബോധത്താൽ നീറുന്ന, എന്നാൽ ഭീരുവായ പുരുഷരൂപത്തെ അയാൾ മികച്ചതാക്കി. മാനസിക വിഭ്രാന്തികളും ഭയവും വേട്ടയാടുന്ന നിധ എന്ന കുട്ടിയായി കീറ്റപത് പോങ്ബി അസാധാരണമായ പക്വതയോടെ കൈകാര്യം ചെയ്തു. ഇരയാക്കപ്പെട്ടവളുടെ വേദനയും ആത്മാവിന്റെ രോഷവും പ്ലോയിയുടെ കഥാപാത്രത്തിലൂടെ തകർത്തഭിനയിച്ച കന്നപൊൺ പുവാടോൾ നമ്മെ വേട്ടയാടും.

**ചക്രച്ചുരുളി**

സിനിമയിലെ സംഭവവികാസങ്ങളെ 'ചക്രച്ചുരുളി' (Vicious Circle) എന്ന് വിശേഷിപ്പിക്കുന്നത് ഏറ്റവും അന്വർഥമാണ്. അധികാരവും ആർത്തിയും ചേർന്ന് തീർത്ത ഈ ദുഷ്ടവലയത്തിൽ നിന്ന് ആർക്കും രക്ഷപ്പെടാനാവില്ല. അധികാരവർഗം പാവപ്പെട്ടവനെ ചവിട്ടിമെതിക്കുമ്പോൾ മൗനം പാലിക്കുന്ന സമൂഹം വലിയൊരു ധാർമിക ച്യുതിയിലാണ്.

'ദി മെയ്ഡ്' ഉയർത്തുന്ന ചോദ്യങ്ങൾ ലളിതമാണ് – ആരുടെ അന്തസ്സാണ് വിലപ്പെട്ടത്? ആരുടെ ജീവനാണ് വിലയില്ലാത്തത്? ജോയി നടത്തുന്ന പ്രതികാരം ധാർമികമായി പൂർണമായും ശരിയാണെന്ന് പറയാനാവില്ലെങ്കിലും, അത് പ്രകൃതിയുടെ നീതിനിർവഹണമായി മാറുന്നു. ഒരു അനീതിയെ മറയ്ക്കാൻ നടത്തുന്ന ശ്രമങ്ങൾ കൂടുതൽ വലിയ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്ന ആവർത്തന സ്വഭാവം ഇവിടെ കാണാം.

**രഹസ്യങ്ങൾ മറച്ചുവെക്കൽ**

സിനിമയിലെ പ്രധാന കുടുംബം തങ്ങളുടെ അന്തസ്സും പദവിയും നിലനിർത്താൻ വേണ്ടി

ഭീകരമായ ഒരു കുറ്റകൃത്യം മറച്ചുവയ്ക്കുന്നു. ഇവിടെ 'സാമൂഹിക ധാർമികത' എന്ന വ്യാജേന അവർ സ്വന്തം ക്രൂരതയെ ന്യായീകരിക്കുകയാണ് ചെയ്യുന്നത്. ഒരു തെറ്റിനെ മറയ്ക്കാൻ കൂടുതൽ തെറ്റുകൾ ചെയ്യുന്നത് ധാർമികമായി എത്രത്തോളം അധഃപതിച്ചതാണെന്ന് സിനിമ കാണിച്ചുതരുന്നു.

**പ്രതികാരത്തിന്റെ നൈതികത**

സിനിമയുടെ രണ്ടാം പകുതിയിൽ നായികയായ ജോയ് നടത്തുന്ന പ്രതികാരം പ്രേക്ഷകരിൽ ഒരു ധാർമിക സംഘർഷം ഉണ്ടാക്കുന്നുണ്ട്: അവൾക്ക് നേരിട്ട അനീതിക്ക്, പകരം ചോദിക്കുന്നത് ശരിയാണെന്ന് നമുക്ക് തോന്നാം. എന്നാൽ, അവൾ തിരഞ്ഞെടുക്കുന്ന വഴി അങ്ങേയറ്റം ക്രൂരവും രക്തരൂഷിതവുമാണ്. 'അനീതിക്ക് ഇരയായ ഒരാൾക്ക് നിയമം കൈയിലെടുക്കാൻ അവകാശമുണ്ടോ?' എന്ന പഴയ ധാർമിക ചോദ്യം സിനിമ ഇവിടെ ഉയർത്തുന്നു.




**അധികാരവും ചൂഷണവും**

വീട്ടുജോലിക്കാരെ വെറും വസ്തുക്കളായി കാണുന്ന ഉയർന്ന വർഗത്തിന്റെ മനോഭാവം സിനിമ കൈകാര്യം ചെയ്യുന്നുണ്ട്. പണവും അധികാരവും ഉള്ളവർക്ക് താഴ്ന്ന നിലയിലുള്ളവരുടെ ജീവിതത്തിനുമേൽ എന്ത് അധികാരമാണുള്ളത് എന്ന ചോദ്യം ഇതിലൂടെ വരുന്നു. ജോലിക്കാരോടുള്ള മോശം പെരുമാറ്റവും അവരെ ശാരീരികമായും മാനസികമായും ചൂഷണം ചെയ്യുന്നതും വലിയൊരു ധാർമിക ലംഘനമായാണ് സിനിമ അടയാളപ്പെടുത്തുന്നത്.

**കുറ്റകരമാകുന്ന മൗനം**

ആ വീട്ടിലെ പലർക്കും അവിടെ നടന്ന ക്രൂരതകളെക്കുറിച്ച് അറിവുണ്ടായിട്ടും അവർ നിശ്ശബ്ദത പാലിക്കുന്നു. ഒരു കുറ്റകൃത്യം നേരിട്ട് ചെയ്യുന്നതും അത് കണ്ടിട്ടും മിണ്ടാതിരിക്കുന്നതും ഒരുപോലെ തെറ്റാണെന്ന വലിയൊരു ധാർമിക പാഠം ഇതിലുണ്ട്.

**പിൻമൊഴി**

ചുരുളഴിയുന്തോറും മുറുകുന്ന ഒരു കയർ പോലെയാണ് ഈ ചിത്രം. അനീതിയുടെ വിത്തുകൾ പാകുന്നവർ പ്രതികാരത്തിന്റെ വിളവെടുപ്പ് നടത്തേണ്ടി വരുമെന്ന പ്രപഞ്ചസത്യം ഇതോർമിപ്പിക്കുന്നു. അധികാരത്തിന്റെ മട്ടുപ്പാവുകളിൽ ഇരുന്ന് താഴെയുള്ളവനെ കാണാതിരിക്കുന്നവർക്ക് കാലം കാത്തുവയ്ക്കുന്ന തിരിച്ചടിയാണ് ഇതിലെ ഓരോ ചോരത്തുള്ളിയും. വരേണ്യവർഗത്തിന്റെ വീഴ്ചയും ഇരയുടെ ഉയിർത്തെഴുന്നേൽപ്പും അടയാളപ്പെടുത്തുന്ന ഈ ചക്രച്ചുരുളി ഒടുവിൽ അവസാനിക്കുന്നത് നീതിയുടെയും രോഷത്തിന്റെയും പടഹധ്വനികളോടെയാണ്. ഒരു സിനിമ എന്നതിലുപരി, മനുഷ്യമനസ്സിന്റെ ഇരുളടഞ്ഞ കോണുകളിലേക്കുള്ള ഒരു സഞ്ചാരമാണിത്.

**ഒരു അപായമുന്നറിയിപ്പിന്റെ നടുക്കം**

ഈ ചിത്രം അവസാനിക്കുന്ന രംഗത്ത് മറ്റൊരു വീട്ടിൽ വേലക്കാരിയായി ജോലിക്കെത്തുന്ന ജോയ് കാണുന്നത് അവിടത്തെ യജമാനത്തിയുടെ കഴുത്തിലെ മർദനമേറ്റ പാടുകൾ! അവളുടെ കൈയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പുരുഷന്റെ ഫോട്ടോയിലേക്കു നോക്കി ജോയ് വന്യമായ ഒരു ചിരി. ഇവ രണ്ടുംകൂടി ഭാവിയിലേക്കു നീളുന്ന നീതിനിരാസത്തിന്റെയും ഹിംസയുടെയും ചക്രച്ചുരുളിയുടെ അപായസൂചന ഒരു ഭീഷണിയായി പ്രേക്ഷകനെ നടുക്കിക്കളയുന്നു !

## പൗരോഹിത്യ പട്ടം സ്വീകരിച്ച്

# ഡീക്കൻ മാത്യു ജേക്കബ് പള്ളിവാതുക്കൽ

അമേരിക്കയിലെ ഷിക്കാഗോ രൂപതയിൽ 2026 മേയ് 23ന്, ജീസസ് യൂത്ത് മുന്നേറ്റത്തിനായി ഡീക്കൻ മാത്യു ജേക്കബ് മോസ്റ്റ് റവ. മാർ ജോയ് ആലപ്പാട്ടിൽ നിന്നും പൗരോഹിത്യ പട്ടം സ്വീകരിച്ചു. ഷിക്കാഗോ രൂപതയിലെ ഡാളസ് സെന്റ് തോമസ് സീറോ മലബാർ ദേവാലയത്തിൽവച്ച് വൈദികനായി അഭിഷിക്തനായ മാത്യു ജേക്കബ്, ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ വളർന്നുവന്ന വ്യക്തിയാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനിടയിൽ തന്റെ ദൈവവിളി തിരിച്ചറിഞ്ഞ മാത്യു, മേഘാലയിൽ കുറച്ചുനാൾ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. അമേരിക്കയിലെ ഉന്നതമായ ജോലി ഉപേക്ഷിച്ച് പൗരോഹിത്യത്തിലേക്ക് ആകൃഷ്ടനായി തന്റെ ജീവിതം ദൈവഷ്ടേ പ്രകാരം വഴിതിരിച്ചുവിട്ട ഈ മലയാളി എഞ്ചിനീയർ ഇന്ന് കത്തോലിക്കാ സഭയ്ക്കും ജീസസ് യൂത്ത് മുന്നേറ്റത്തിനും അഭിമാനമായി തന്റെ അഭിഷിക്ത ജീവിതം കർത്താവിലർപ്പിച്ച് നമുക്ക് മുന്നിൽ മാതൃകയായി നിലകൊള്ളുന്നു.



**കെയ്റോസിനു വേണ്ടി ഡീക്കൻ മാത്യു ജേക്കബ് നൽകിയ പ്രത്യേക അഭിമുഖം കാണാൻ:**

**ഫാ. മാത്യു ജേക്കബ് പള്ളിവാതുക്കലിന്**
**ജീസസ് യൂത്ത് കുടുംബത്തിന്റെ പ്രാർഥനകളും ആശംസകളും**

ടൈം ഔട്ട്

ബൈബിൾ ഗെയിം

**ബൈബിൾ കഥാപാത്രങ്ങളെ ബൈബിളിൽ കണ്ടെത്താം!**

ഓരോ കഥാപാത്ര കാർഡും ബൈബിളിലെ
അവരുമായി ബന്ധപ്പെട്ട പുസ്തകവുമായി കണക്ട് ചെയ്യാം

## പുസ്തക കാർഡുകൾ

പഴയ നിയമം

**പുറപ്പാട്**

പഴയ നിയമം

**ജോഷ്വാ**

പഴയ നിയമം

**1 രാജാക്കന്മാർ**

പഴയ നിയമം

**റൂത്ത്**

പഴയ നിയമം

**യോന**

പുതിയ നിയമം

**മത്തായി**

പുതിയ നിയമം

**യോഹന്നാൻ**

പുതിയ നിയമം

**ലൂക്ക**

പുതിയ നിയമം

**അപ്പ. പ്രവ.**

## കഥാപാത്ര കാർഡുകൾ

### മോശ
ഇസ്രായേൽ ജനതയെ
ഈജിപ്തിലെ അടിമത്തത്തിൽ നിന്ന്
പുറത്തുകൊണ്ടുവന്നു

### ജോഷ്വാ
ഇസ്രായേൽക്കാരെ
വാഗ്ദത്ത ഭൂമിയിലേക്ക് നയിച്ചു

### ഏലിയാ
ദൈവത്തിന്റെ ശക്തിയാൽ
അത്ഭുതങ്ങൾ പ്രവർത്തിച്ച
ഒരു പ്രവാചകൻ

### റൂത്ത്
അമ്മായിയമ്മയായ
നവോമിയോട് വിശ്വസ്തതയും
സ്നേഹവും കാണിച്ചു

### യോനാ
ഒരു വലിയ മത്സ്യം വിഴുങ്ങുകയും
നിനവേയിൽ വചനം പ്രഘോഷിക്കാൻ
അയക്കപ്പെടുകയും ചെയ്തു

### മത്തായി
ഈശോയുടെ
12 അപ്പസ്തോലന്മാരിൽ
ഒരാളായിത്തീർന്ന ചുങ്കക്കാരൻ

### ലാസർ
കല്ലറയിൽ അടക്കപ്പെട്ട
നാല് ദിവസത്തിനുശേഷം
മരിച്ചവരിൽ നിന്ന് ഈശോ ഉയർപ്പിച്ചു

### മാർത്ത
ഭക്തിയോടെ ഈശോയെ ശുശ്രൂഷിക്കു
കയും അവിടത്തെ ദൈവപുത്രനായി
വിശ്വസിക്കുകയും ചെയ്തു

### പത്രോസ്
സഹോദരനായ അന്ത്രയോസിനൊപ്പം
ജോലി ചെയ്യുമ്പോൾ ഈശോ വിളിക്കു
കയും ഉടൻതന്നെ വലയുപേക്ഷിച്ച്
അവിടത്തെ അനുഗമിക്കുകയും ചെയ്തു

എങ്ങനെ കളിക്കാം:

- ഈ പേജിലുള്ള എല്ലാ പുസ്തക കാർഡുകളും കഥാപാത്ര കാർഡുകളും വെട്ടിയെടുക്കുക
- പുസ്തക കാർഡുകൾ കമഴ്ത്തിയും കഥാപാത്ര കാർഡുകൾ മലർത്തിയും മേശപ്പുറത്ത് വയ്ക്കുക
- കളിക്കാർ ഊഴമനുസരിച്ച് ഓരോ പുസ്തക കാർഡുകൾ മറിച്ചു നോക്കുകയും അതിനനുയോജ്യമായ കഥാപാത്ര കാർഡുകൾ കണ്ടെത്തുകയും ചെയ്യുക
- ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്നയാൾ വിജയിക്കുന്നു



യുവ/യൂത്ത് ക്ലാസ്സ് - ജെ. ക്രൈസ്റ്റ് വോൺ

ഒരാൾ പോയി ദേവാലയത്തിലെ മെഴുതിരിയിലെ വെട്ടം കണ്ടെത്തി. ഒരാൾ ഒരു അടുപ്പിലെരിയുന്ന കനൽ കണ്ടു. ഒരാൾ ആലയിലെ ഉല കണ്ടു. മറ്റൊരാൾ ഒരു പെട്രോമാക്സ് വിളക്ക്, ഇനിയൊരാൾ കാട്ടുതീ പടരുന്നത് കണ്ടു.

# 'വെളിച്ചപ്പാട്'

നിശാശലഭങ്ങളുടെ സമ്മേളനം നടക്കുകയായിരുന്നു. ആചാര്യശലഭം പറഞ്ഞു തുടങ്ങി: "ഉള്ളത് പറഞ്ഞാൽ നിശാശലഭങ്ങളുടെ ആകെ ജീവിത ലക്ഷ്യം തന്നെ വെളിച്ചം തേടലാണ്. ഇതാ ഞാൻ വെളിച്ചം തേടി പോകുകയാണ്." അഗ്രകാമിയുടെ ആ പ്രഖ്യാപനം കേട്ട് ഈഗോ അടിച്ച മറ്റു നിശാശലഭങ്ങൾ മറുപടിയായി പറഞ്ഞു: "ഞങ്ങൾക്കും വെളിച്ചം തേടാൻ കഴിയും." നിശ്ശബ്ദനായി കണ്ണടച്ചിരുന്ന നേതാവിന്റെ മുമ്പിലൂടെ അവർ ഓരോരുത്തരായി പറന്നു പറന്നു പോയി. ഒരു യാമത്തിനപ്പുറം എല്ലാവരും തിരിച്ചു വന്നു; ശേഷം, കണ്ടെത്തിയത് പറഞ്ഞു തുടങ്ങി.

ഒരാൾ പോയി ദേവാലയത്തിലെ മെഴുതിരിയിലെ വെട്ടം കണ്ടെത്തി. ഒരാൾ ഒരു അടുപ്പിലെരിയുന്ന കനൽ കണ്ടു. ഒരാൾ ആലയിലെ ഉല കണ്ടു. മറ്റൊരാൾ ഒരു പെട്രോമാക്സ് വിളക്ക്, ഇനിയൊരാൾ കാട്ടുതീ പടരുന്നത് കണ്ടു. ഒരാൾ അമ്പലത്തിലെ കെടാവിളക്ക്. അങ്ങനങ്ങനെ പട്ടിക നീളവേ ആചാര്യ ശലഭം പറഞ്ഞു. "ഇല്ല! നിങ്ങളാരും വെളിച്ചം ഇനിയും കണ്ടെത്തിയിട്ടില്ല! വെളിച്ചം കണ്ടെത്തിയവരാരും ഒരിക്കലും തിരിച്ചു വന്നിട്ടില്ലത്രേ!"

കഥകൾ നമ്മെ കരിമ്പടം പുതപ്പിക്കുമെന്ന് തോന്നുന്നു. അറിയുകയെന്നാൽ അലിയുക എന്നുകൂടിയുണ്ടല്ലോ? 'ന ഇതി ന ഇതി' എന്ന ഋഷിഭാഷ്യത്തോടോ, 'അറിഞ്ഞതിനെ ഉപേക്ഷിക്കൽ' എന്ന ജി കൃഷ്ണമൂർത്തിയാശയത്തോടോ, അതുമല്ലെങ്കിൽ 'ഗോതമ്പുമണി നിലത്ത് വീഴിയുന്നില്ലെങ്കിൽ' എന്ന സുവിശേഷ വചനത്തോടോ ഇണങ്ങിച്ചേരുന്നൊരു കരിമ്പടം എടുത്തുപുതച്ച് ഇറങ്ങി ഓടാൻ ഉള്ളു വെമ്പുന്നുണ്ടെങ്കിൽ അമാന്തിക്കരുത്.

പ്ലാറ്റിപ്പസിനെ പോലെ ഇന്ദ്രിയങ്ങൾക്കപ്പുറം നിലനിൽക്കുന്നൊരു സാധ്യതയെ തേടലാണ് വെളിച്ചപ്പെടൽ എന്നു തോന്നുന്നു. പ്ലാറ്റിപ്പസ് ഒരു കടൽ ജീവിയാണ്, അവ ഇരപിടിക്കുമ്പോൾ തന്റെ ഇന്ദ്രിയങ്ങൾ കൊട്ടിയടക്കുന്നു. പിന്നീട് അവ തന്റെ നെറ്റിത്തടത്തിൽ നിന്നും പുറപ്പെടുന്ന ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങളെ മാത്രം ആശ്രയിക്കുന്നു.

അത്രയും ആന്തരിക ചലനത്തെ മാത്രം ആശ്രയിക്കുന്ന ജീവനുകൾ നന്നേ കുറവാണ്. ബയോഫ്ലൂറസെൻസ് എന്ന പ്രതിഭാസം അവയുടെ പുറമേ പടരുന്ന യു.വി റേഡിയേഷൻ വലിച്ചെടുത്ത് നീല പ്രകാശം പുറപ്പെടുവിക്കുന്നു. അങ്ങനെ സന്ധ്യകളും പൗർണമിയും അവയെ നീല പരവതാനി പുതപ്പിക്കുന്നു.

വെളിച്ചത്തിന് വെളിപ്പെടുത്തുന്നത് എന്നു കൂടി അർഥമുണ്ട്. ഇരുട്ടു പുതച്ചൊരു സ്റ്റേഡിയത്തിന്റെ പവലിയനിൽ ഒരാൾ അവ്യക്തമായ ഗ്രൗണ്ടിലേക്ക് നോക്കി നിൽക്കുമ്പോൾ മിന്നലിന്റെ വെള്ളിനൂലുകൾ ഒരു നിമിഷനേരത്തെ വെളിപ്പെടുത്തുന്നത് പോലയാണത്. 'കണ്ടു! ഞാൻ മാത്രമേ കണ്ടുള്ളൂ' എന്ന പോലെ മുഴുവൻ കളിസ്ഥലവും ഒരാളുടെ ഉള്ളിൽ വ്യക്തമായി പതിപ്പിക്കപ്പെട്ടേക്കാം.

ജപ്പാനിലെ 'ഒകിനാവൻ' ഭാഷയിലേ ഒരു വാക്കുണ്ട്. 'നാൻകുരുനൈസ' നല്ലത് ചെയ്യുക കാത്തിരിക്കുക എന്നതാണ് വാച്യാർഥം. ഈ ഇരുട്ടത്തു നമ്മൾ മറ്റെന്തു ചെയ്യാനാണ്? കാത്തിരിക്കുക തന്നെ! വെള്ളകീറി പുലർവെട്ടം വരുവോളം...

***ജെ. ക്രൈസ്റ്റ് വോൺ എന്നത് തൂലികാനാമം. ജിത്തൂ ജോർജ് എന്നതാണ് ശരിയായ പേര്. ഓസ്ട്രേലിയയിലെ പെർത്തിൽ കുടുംബമായി താമസിക്കുന്നു. ഓസ്ട്രേലിയൻ ഗവൺമെന്റ് ഓർഗനൈസേഷനായ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്യൂണിറ്റിയിൽ ഡാറ്റ എഞ്ചിനീയറായി പ്രവർത്തിക്കുന്നു.***





**യുവ/യൂത്ത് മൈസ്റ്റോറി - ഇ. എക്സ്. ജെയിംസ്, കലൂർ**



# ഞാൻ അത്ഭുതപ്പെട്ടു

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും" (മത്താ 5, 8). വിശുദ്ധ മത്തായിയുടെ ഈ സുവിശേഷഭാഗം വായിക്കുമ്പോൾ യേശുവിന്റെ ഈ വചനങ്ങൾ സത്യമാണെന്നതിന്റെ രണ്ടോർമകൾ തെളിഞ്ഞു വരാറുണ്ട്, അതിവിടെ കുറിക്കട്ടെ:

ജീസസ് യൂത്ത് ഫസ്റ്റ്‌ലയിൻ ലീഡേഴ്സ് ഒന്നിച്ചു കൂടിയിരുന്ന എറണാകുളത്തെ സ്നേഹനിലയം കോൺവെന്റിൽ നടന്ന ഒരു ധ്യാനം. ധ്യാനത്തിന് സഹായിക്കാൻ പോയപ്പോൾ അവിടെ വന്ന വോളന്റിയേഴ്സായ രണ്ടു ജൂനിയർ ജീസസ് യൂത്തിനോട് ധ്യാനത്തിന്റെ നാലാം ദിവസത്തിൽ അടുക്കളയിലെ ജോലിക്കിടയിൽ ടീം ലീഡേഴ്സ് വന്നു പറഞ്ഞു; ഇന്ന് വരങ്ങൾ എന്താണ് എന്നതിനെ കുറിച്ചുള്ള ക്ലാസ്സാണ്. പങ്കെടുക്കുന്നവർക്കു വരങ്ങൾ ലഭിക്കുന്നതിനായി ജോലിക്കിടയിൽ എല്ലാവരും പ്രാർഥിക്കണം എന്നാവശ്യപ്പെട്ടു. അപ്പോൾ അന്നുവരെ ധ്യാനം കൂടിയിട്ടില്ലാത്ത വോളന്റിയേഴ്സ് എന്താണ് വരങ്ങൾ എന്നു ചോദിച്ചു. ഭാഷാവരത്തെ കുറിച്ച് അവരോട് വളരെ ചുരുക്കി പറയുകയും നമുക്ക് ജോലിക്കിടയിൽ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് വരങ്ങൾ ലഭിക്കുന്നതിനായി ദൈവത്തെ സ്തുതിച്ച് പ്രാർഥിക്കാം എന്ന് പറഞ്ഞ് ഞങ്ങൾ ആത്മാർഥമായി സ്തുതിക്കാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അന്നുവരെ ധ്യാനം കൂടിയിട്ടില്ലാത്ത വോളന്റിയേഴ്സ് ഇരുവരും ഭാഷാവരത്തിൽ പ്രാർഥിക്കുന്നത് കണ്ട് ഞാൻ അത്ഭുതപ്പെട്ടു.

മറ്റൊരനുഭവം: 2017 ഡിസംബർ 31ന് പാതിര കുർബാനയ്ക്ക് പള്ളിയിൽ, കുറച്ച് ഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നതിനാൽ ഞാൻ വീട്ടിൽനിന്ന് തിരക്കിട്ട് പള്ളിയിലേക്ക് പോകുകയായിരുന്നു. വഴിയിൽ ബൈക്ക് ആക്സിഡന്റായി ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ അഡ്മിറ്റാക്കി. വിവരമറിഞ്ഞ മകൾ സ്നേഹ, വീട്ടിലെ മുറിയിൽ സങ്കടത്തോടെ ഈശോയോട് കരഞ്ഞു പ്രാർഥിച്ചുകൊണ്ട് ബൈബിൾ തുറന്നു. അപ്പോൾ ലഭിച്ച ബൈബിൾ ഭാഗം "അവൻ വീണേക്കാം, എന്നാൽ, അതു മാരകമായിരിക്കുകയില്ല; കർത്താവ് അവന്റെ കൈയിൽ പിടിച്ചിട്ടുണ്ട്" (സങ്കീ 37, 24). ഇത് വായിച്ച സ്നേഹ ദൈവത്തിന് നന്ദി എന്നു പറഞ്ഞ് കിടന്നുറങ്ങി. സ്നേഹ ഇതു പറഞ്ഞപ്പോഴും ഞാൻ ഒന്നാമതായി പറഞ്ഞ കാര്യത്തിലും ഹൃദയശുദ്ധിയുള്ളവർക്ക് കർത്താവ് സമീപസ്ഥനാണ്, അതവിടുന്ന് വെളിപ്പെടുത്തി നൽകും എന്നു മനസ്സിലാക്കിയ നിമിഷങ്ങളായിരുന്നു. ദൈവത്തിന് സ്തുതി.

***ബിൽഡിംഗ് കോൺട്രാക്ടറായ ലേഖകൻ ഭാര്യയും രണ്ടു മക്കളും പേരക്കുട്ടിയുമൊന്നിച്ച് കൊച്ചി, കലൂരിൽ താമസിക്കുന്നു.***

**"അവൻ വീണേക്കാം, എന്നാൽ, അതു മാരകമായിരിക്കുകയില്ല; കർത്താവ് അവന്റെ കൈയിൽ പിടിച്ചിട്ടുണ്ട്"** *(സങ്കീ 37, 24).*





യുവ/മൈസ്റ്റോറി - ജോയിഷ് ജോർജ്, പഴങ്ങനാട്

# ഒരത്ഭുതം ഞാൻ കണ്ടു

കൈയിലുണ്ടായിരുന്ന പൈസ മുഴുവൻ തീർന്നതുകൊണ്ട് ഞങ്ങളുടെ സ്വപ്നമായിരുന്ന പുതിയ വീടിന്റെ പണി നിർത്തിവച്ചിരുന്ന സമയം. 2017 ഡിസംബർ മാസത്തിലെ ഒരു ഞായറാഴ്ച, പള്ളിയിൽ വിശുദ്ധ കുർബാനയുടെ സമയത്ത് കാഴ്ചവയ്പിനുമുൻപ് അച്ചന്റെ അറിയിപ്പ്: "ഇന്നത്തെ കാഴ്ചവയ്പിന്റെ പണം ഉപയോഗിക്കുന്നത് കഴിഞ്ഞമാസം ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ വീടുകൾ നഷ്ടപ്പെട്ടുപോയവർക്ക് ഭവനങ്ങൾ നിർമിച്ചു നൽകുന്നതിന് വേണ്ടിയാണ്."

എന്റെ പോക്കറ്റിൽ ഒരു 500 രൂപയുടെ നോട്ടും പിന്നെ ഒരു 50 രൂപയുടെ നോട്ടുമാണ് ഉണ്ടായിരുന്നത്. സാമ്പത്തികത്തെ കുറിച്ചുള്ള ചിന്ത ഉണ്ടായിരുന്നതിനാൽ മറ്റൊന്നും ആലോചിക്കാതെ ഞാൻ 50 രൂപ നോട്ട് കൈയിലെടുത്തു. തൊട്ടടുത്ത നിമിഷം തന്നെ മറ്റുചില ചിന്തകളാണ് ഉള്ളിൽ നിറഞ്ഞത്. എനിക്കിപ്പോൾ താമസിക്കാൻ തറവാടുണ്ട്. എന്റെ വീടിന്റെ പണി കുറച്ച് വൈകിയാലും കുഴപ്പമില്ല. പക്ഷേ, ചുഴലിക്കാറ്റിൽ വീട് മുഴുവൻ നഷ്ടപ്പെട്ടവരുടെ അവസ്ഥ അതല്ലല്ലോ. വീട് നഷ്ടപ്പെട്ടവരെ ഓർത്തുള്ള ചിന്ത എന്റെയുള്ളിൽ അസ്വസ്ഥതയുളവാക്കി. പെട്ടെന്ന് ഞാൻ 500 രൂപയുടെ നോട്ടെടുത്ത് കാഴ്ചവയ്പിന് കൊണ്ടുവന്ന പാത്രത്തിൽ ഇട്ടു. വീട്ടിൽ മറ്റൊരു ബാങ്കിടപാടിന്റെ പേരിൽ ലോണുകൾ ഒന്നും ശരിയാവാതെ ഇരുന്ന സമയം കൂടിയായിരുന്നു അത്.

തൊട്ടടുത്ത ദിവസം ഒരത്ഭുതം ഞാൻ കണ്ടു. ഞങ്ങളുടെ ഒരാന്റി പപ്പയോട് വീട് പണിയെ കുറിച്ച് അന്വേഷിക്കുകയും എന്നോട് വീട്ടിലേക്ക് ചെല്ലാൻ പറയുകയും ചെയ്തു. 10 ലക്ഷം രൂപയാണ് അന്ന് ആന്റി എന്റെ കൈയിൽ ഏൽപിച്ചത്. ഇനിയും എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറയണമെന്നും പറഞ്ഞു. നല്ല സമരിയാക്കാരന്റെ ഉപമയിലെ സമരിയക്കാരൻ ചെയ്തതുപോലെ, അപകടത്തിൽപ്പെട്ട മനുഷ്യനെ സത്രത്തിൽ ആക്കിയിട്ട് സത്രം ഉടമയോട് കാര്യങ്ങൾ പറഞ്ഞ് ഏൽപിക്കുകയും പണം കൂടുതൽ ആവുകയാണെങ്കിൽ തിരികെ വരുമ്പോൾ തന്നു കൊള്ളാമെന്നു പറഞ്ഞു പോകുന്ന ആ ചിത്രമാണ് എന്റെ ഉള്ളിലൂടെ കടന്നുപോയത്. വിചാരിച്ചിരുന്ന ലോൺ എടുക്കാതെതന്നെ വീട് പണി പൂർത്തിയാക്കാനും ആന്റി തന്ന പൈസ മുഴുവൻ പിന്നീട് തിരിച്ചു നൽകാനും ദൈവം അനുഗ്രഹിച്ചു.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുമ്പോൾ നമ്മുടെ ഉള്ളിലനുഭവിക്കുന്ന ആനന്ദവും നമ്മുടെ വിശ്വസ്തതയോട് ദൈവം പ്രതികരിക്കുന്നതും നമുക്ക് കാണാനാവുന്നത് അത്ഭുതത്തോടെയും നനവുള്ള മിഴികളോടെയുമായിരിക്കും. മറ്റുള്ളവർക്ക് നമ്മളാൽ കഴിയുന്ന നന്മ മടികൂടാതെ ചെയ്യാനും ദൈവം നമുക്ക് പ്രേരണ നൽകും. നന്മ ചെയ്യാനായി ദൈവം നമുക്ക് നൽകുന്ന പ്രേരണകളെ അവഗണിക്കാതെ, ആ നന്മകൾ ചെയ്യാൻ നമുക്ക് പരിശ്രമിക്കാം. നല്ലദൈവം നമ്മെ അനുഗ്രഹിക്കുമെന്ന് തീർച്ചയാണ്.

***ലേഖകൻ ഇൻഫോപാർക്കിൽ ജോലി ചെയ്യുന്നു. ഭാര്യയോടും അഞ്ച് മക്കളോടുമൊപ്പം ആലുവയിൽ താമസം.***

ചുഴലിക്കാറ്റിൽ വീട് മുഴുവൻ നഷ്ടപ്പെട്ടവരുടെ അവസ്ഥ അതല്ലല്ലോ. വീട് നഷ്ടപ്പെട്ടവരെ ഓർത്തുള്ള ചിന്ത എന്റെയുള്ളിൽ അസ്വസ്ഥതയുളവാക്കി.





**സ്പോർട്സും വിശ്വാസവും - ജോബി ബേബി, കുവൈറ്റ്**



ലോകമെമ്പാടും നാൽപത് കോടിയിലേറെ ആളുകൾ കളിക്കുന്ന ജനപ്രിയ കായിക വിനോദമായ ബാസ്കറ്റ്ബോൾ കളി ജന്മമെടുത്തത് 1891ലാണ്. പണ്ട് അമേരിക്കയിലെ ആസ്ടെക്, മായൻ വംശജർക്കിടയിൽ ശത്രുക്കളുടെ തലയോട്ടികൾ ബാസ്കറ്റിൽ എറിഞ്ഞുകളിക്കുന്ന വിനോദം നിലവിലുണ്ടായിരുന്നുവെങ്കിലും ആധുനിക ബാസ്കറ്റ് ബോൾ കളി രൂപീകൃതമായത് ഒരു പ്രത്യേക ആവശ്യത്തിനായിരുന്നു. ഈ കളി ഇത്രയേറെ ജനപ്രിയമാകുമെന്ന് അതിന്റെ സ്രഷ്ടാവായ ജയിംസ് നൈസ്മിത്ത് (James Naismith) പോലും വിചാരിച്ചിരുന്നില്ല.

1861 നവംബർ 6ന് കാനഡയിൽ ജനിച്ച ജയിംസ് നൈസ്മിത്തിന് തന്റെ ഒൻപതാമത്തെ വയസ്സിൽ മാതാപിതാക്കളെ നഷ്ടമായി. അമ്മാവന്റെ ശിക്ഷണത്തിൽ വളർന്ന നൈസ്മിത്ത് ചെറുപ്പം മുതൽക്കേ കായിക വിനോദങ്ങളിൽ മികവ് പുലർത്തി. മോൺട്രിയോളിലെ മക്ഗിൽ സർവകലാശാലയിൽ നിന്നും കായിക വിദ്യാഭ്യാസത്തിൽ ബിരുദം നേടിയ നൈസ്മിത്ത് വിവിധ കായിക വിഭാഗങ്ങളിൽ കോച്ചായി തന്റെ കരിയർ ആരംഭിച്ചു. ഫുട്ബോളും റഗ്ബിയുമായിരുന്നു പ്രധാന ഇനങ്ങൾ.

മികച്ച കായിക പരിശീലകനായി അറിയപ്പെട്ട നൈസ്മിത്തിന് 1890ൽ അമേരിക്കയിലെ വൈ.എം.സി.എ. ഇന്റർനാഷനൽ ട്രെയിനിങ് കോളജിൽ കായികാധ്യാപകനായി നിയമനം ലഭിച്ചു. അതിശൈത്യം അനുഭവപ്പെട്ടിരുന്ന മസാച്ചുസെറ്റിലെ സ്പ്രിങ്ഫീൽഡിലായിരുന്നു കോളേജ് സ്ഥിതി ചെയ്തിരുന്നത്. ശൈത്യകാലത്ത് ഫുട്ബോൾ, റഗ്ബി തുടങ്ങിയ

# "ബാസ്കറ്റ്ബോൾ മിഷണറി"

# ജയിംസ് നൈസ്മിത്ത്

ഔട്ട്ഡോർ കളികൾ സാധ്യമായിരുന്നില്ല. പൊതുവേ അലസരും തെമ്മാടികളുമായിരുന്ന കുട്ടികളെ ഇക്കാലത്ത് സജീവമാക്കാൻ ഒരു കളിയുടെ ആവശ്യകത ഉയർന്നുവന്നു. അങ്ങനെയാണ് ഒരു ഇൻഡോർ ഗെയിം രൂപീകരിക്കാനുള്ള ദൗത്യം നൈസ്മിത്തിൽ എത്തിച്ചേർന്നത്. കേവലം 14 ദിവസങ്ങൾ കൊണ്ട് അദ്ദേഹം പുതിയ ഒരു കായിക വിനോദം രൂപകൽപന ചെയ്തു. അതാണ് ഇന്നത്തെ ബാസ്കറ്റ് ബോൾ. ജയിംസ് നൈസ്മിത്ത് ചിട്ടപ്പെടുത്തിയ പതിമൂന്ന് നിയമങ്ങളോടെ 1891ൽ ബാസ്കറ്റ് ബോൾ കളി നിലവിൽ വന്നു. പിന്നീട് നിയമങ്ങളിൽ പല ഭേദഗതികൾ ഉണ്ടായെങ്കിലും നൈസ്മിത്തിന്റെ അടിസ്ഥാന നിയമങ്ങളിൽ ഊന്നിയാണ് ഈ കളിയുടെ വളർച്ച. പഠനത്തിലും മികവ് പുലർത്തിയിരുന്ന നൈസ്മിത്ത് 1898ൽ മെഡിക്കൽ ബിരുദവും നേടി. റഗ്ബി കളിക്കാരുടെ ഹെൽമറ്റ് ആദ്യമായി ഡിസൈൻ ചെയ്തതും ഇദ്ദേഹമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ബാസ്കറ്റ് ബോൾ അമേരിക്കയിലും പിന്നീട് ലോകമെമ്പാടും ഒരു ജനപ്രിയ ഗെയിമായി വളർന്നു. നൈസ്മിത്തിന്റെ അഭിപ്രായത്തിൽ "കരുത്തുള്ള ശരീരവും ശാന്തമായ മനസ്സും ഉദാത്തമായ മാതൃകയുമാണ് കായിക വിനോദങ്ങളുടെ ലക്ഷ്യം." ബാസ്കറ്റ് ബോൾ കളിക്ക് നൈസ്മിത്ത് ബോൾ എന്ന പേരിടണം എന്ന വാദഗതികൾ പോലും അക്കാലത്തുണ്ടായി. എന്നാൽ, അദ്ദേഹം ഈ ആവശ്യത്തെ സ്നേഹപൂർവം നിരസിക്കുകയാണുണ്ടായത്. 1936ലെ ബർലിൻ ഒളിംപിക്സിലാണ് ഈ ഇനം ആദ്യമായി ഉൾപ്പെടുത്തുന്നത്. അന്നത്തെ വിജയികൾക്ക് മെഡൽ സമ്മാനിച്ചതും ബാസ്കറ്റ് ബോളിന്റെ പിതാവെന്ന് അറിയപ്പെടുന്ന ജയിംസ് നൈസ്മിത്ത് ആയിരുന്നു. യുഎസ്, കാനഡ, മെക്സിക്കോ എന്നീ രാജ്യങ്ങൾക്കായിരുന്നു യഥാക്രമം സ്വർണം, വെള്ളി, വെങ്കല മെഡലുകൾ ലഭിച്ചത്. 1939 നവംബർ 28ന് അന്തരിച്ച നൈസ്മിത്ത് നിരവധി ബഹുമതികളും പുരസ്കാരങ്ങളും നേടി. നിരവധി ലോകോത്തര ബാസ്കറ്റ്ബോൾ സ്റ്റേഡിയങ്ങൾ അറിയപ്പെടുന്നത് അദ്ദേഹത്തിന്റെ പേരിലാണ്. അദ്ദേഹം പറയുന്നു: ചുരുക്കത്തിൽ, ആകസ്മികമായി ഉണ്ടായ ഒരു കളിയല്ല ബാസ്കറ്റ് ബോൾ. ഒരു ആവശ്യത്തിന് പരിഹാരമായ കണ്ടെത്തലായിരുന്നു.

## ബാസ്കറ്റ്ബോളിന്റെ സുവിശേഷ ബന്ധം

### നൈസ്മിത്തിന്റെ വ്യക്തിപരമായ വിശ്വാസം

ഡോ. നൈസ്മിത്ത് ഒരു സമർപ്പിത ക്രിസ്ത്യാനിയായിരുന്നതിനാൽ തന്നെ ജീവിതത്തിലെ മുഴുവൻ സമയവും അദ്ദേഹത്തിന്റെ ശരീരം, മനസ്സ്, ആത്മാവ് എന്നിവ വിശ്വാസ ജീവിതത്തിന് സമർപ്പിച്ചു. ക്രിസ്തീയ മൂല്യങ്ങൾക്ക് അനുസൃതമായ ധാർമിക സ്വഭാവം, ടീംവർക്ക്, അച്ചടക്കം എന്നിവ വളർത്തിയെടുക്കുന്നതിന് യുവാക്കളെ അദ്ദേഹം പരിശീലിപ്പിച്ചു.

### വൈ.എം.സി.എ. യുടെ ദൗത്യം

അക്കാലത്ത്, വൈ.എം.സി.എ. യുടെ ലക്ഷ്യം കേവലം വിനോദം മാത്രമല്ല, സുവിശേഷവത്കരണവുമായിരുന്നു. യുവാക്കളിൽ സുവിശേഷം എത്തിക്കുന്നതിനും ദൈവിക ജീവിതം നയിക്കാൻ അവരെ പരിശീലിപ്പിക്കുന്നതിനുമുള്ള ഒരു കവാടമായി സ്പോർട്സ് ഉൾപ്പെടെയുള്ള ശാരീരിക പ്രവർത്തനങ്ങൾ അക്കാലത്ത് കണക്കാക്കപ്പെട്ടിരുന്നു.

### ഉദ്ദേശ്യപൂർവമായ രൂപകൽപന

അക്രമത്തെ നിരുത്സാഹപ്പെടുത്തുന്നതിനും സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ബാസ്കറ്റ്ബോൾ അദ്ദേഹം രൂപകൽപന ചെയ്തത്. റഗ്ബി അല്ലെങ്കിൽ ഫുട്ബോൾ പോലുള്ള പരുക്കൻ കായിക വിനോദങ്ങൾ ഒഴിവാക്കിക്കൊണ്ട് നൈസ്മിത്ത് ഒരു സോക്കർ ബോളും പീച്ച് ബാസ്കറ്റുകളും തിരഞ്ഞെടുത്തു. ക്രിസ്തീയ ലോകവീക്ഷണത്തിൽ വേരൂന്നിയ മൂല്യങ്ങളായ സ്പോർട്സ്മാൻഷിപ്പും ആത്മനിയന്ത്രണവും വളർത്തിയെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

### നേരിട്ടുള്ള സുവിശേഷം പങ്കിടൽ

പ്രത്യേകിച്ച് നഗര സാഹചര്യങ്ങളിലും അന്താരാഷ്ട്ര തലത്തിലും മിഷണറി പ്രവർത്തനത്തിനുള്ള ഒരു ഉപകരണമായി ബാസ്കറ്റ്ബോൾ പെട്ടെന്ന് മാറി. വൈ.എം.സി.എ. ഇത് ജനക്കൂട്ടത്തെ ആകർഷിക്കാനും സുവിശേഷം പങ്കിടാനും ഉപയോഗിച്ചു, പ്രത്യേകിച്ച് പരമ്പരാഗത സഭാ സാഹചര്യങ്ങളിലൂടെ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള യുവാക്കൾക്കിടയിൽ. സുവിശേഷം പങ്കിടാൻ മാത്രമായി ബാസ്കറ്റ്ബോൾ സൃഷ്ടിക്കപ്പെട്ടതല്ല, മറിച്ച് സുവിശേഷം പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മൂല്യങ്ങളുള്ള ഒരു ക്രിസ്ത്യൻ മിഷൻ പരിസ്ഥിതിയിൽ നിന്നാണ് അത് തീർച്ചയായും ജനിച്ചത്. കാലക്രമേണ ലോകമെമ്പാടുമുള്ള സുവിശേഷവത്കരണത്തിനുള്ള ശക്തമായ ഉപകരണമായി അത് മാറുകയും ചെയ്തു.

***ലേഖകൻ കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു.***



ഫമിലിയ/ഫാമിലികഫേ - ജോമോൻ എം. മങ്കുഴിക്കരി



മണ്ണിൽ പതിഞ്ഞു കിടക്കുന്ന കാൽപാടുകൾ. ഒറ്റയും ഇരട്ടയുമായി ആദ്യം കാണുന്ന ആ പാദമുദ്രകൾക്ക് അമ്പത്തഞ്ചോ അറുപതോ വർഷം പഴക്കമുണ്ട്. പിന്നെയത് പത്തും നൂറും ആയിരവും പതിനായിരങ്ങളുമായി പെരുകി. ഒരു മഹാപ്രയാണത്തിന്റെ മുദ്രകൾ. നഴ്സിംഗ് ജോലികൾ സ്വീകരിച്ച് ജർമനിയിൽ തുടങ്ങികളും, ദിവ്യകാരുണ്യ ആരാധനയും, സുവിശേഷ കാരുണ്യത്തിന്റെ ഊഷ്മളതയും നെഞ്ചേറ്റി. മലയാളി കത്തോലിക്കാ സമൂഹത്തിന്റേതായി രൂപതാഘടനകൾ വേരൂന്നുന്നതിനും, ദേവാലയങ്ങളും പാരിഷ് ഹാളുകളും ഉയരുന്നതിനും മുൻപേ, യൂറോപ്പിന്റെയും ബ്രിട്ടന്റെയും ഓസ്ട്രേലിയയുടെയും വടക്കേ അമേരിക്കയുടെയും മണ്ണിൽ കേരളത്തിലെ നഴ്സുമാർ ഭാരത കത്തോലിക്കാസഭയുടെ ദൃശ്യസാന്നിധ്യങ്ങളായി.

തങ്ങൾക്ക് സുപരിചിതമായ മലയാളം കുർബാനയോ, ബലിയർപ്പകരായി മലയാളി വൈദികരോ ഇല്ലാത്ത ആ ദിനങ്ങളിലും, സ്വദേശത്ത് അവരുടെ വിശ്വാസത്തെ രൂപീകരിച്ച കത്തോലിക്കാ ആത്മീയാനുഷ്ഠാനങ്ങളുടെ ഉപാസകരായി അവർ കൂട്ടായ്മയിൽ വളർന്നു. അവരുടെ ഹൃദയങ്ങളിൽനിന്നും ഭക്താനുഷ്ഠാനകളും പൊക്കിൾക്കൊടി ബന്ധംപോലെ കാത്ത നഴ്സിംഗ് സമൂഹം, അവിടങ്ങളിലെല്ലാം സഭയോടുചേർന്ന് തീക്ഷ്ണതയോടെ വളർച്ച പ്രാപിച്ചു.

സാന്ത്വനത്തിന്റെ ആ പ്രേഷിതർ പ്രസംഗപീഠങ്ങളിലൂടെ സുവിശേഷം അറിയിച്ചില്ല. മറിച്ച്, കാരുണ്യത്തിന്റെ ഭാഷയിൽ അവർ ക്രിസ്തുവിന്റെ പതിതമുഖങ്ങളെ, ദുർബലശരീരങ്ങളെ പരിചരിച്ചു. വൃദ്ധസദനങ്ങളുടെ നിശ്ശബ്ദതയിലും, മാനസികാരോഗ്യ വാർഡുകളുടെ ഏകാന്തതയിലും, പാലിയേറ്റീവ് യൂണിറ്റുകളുടെ നൊമ്പരത്തിലും, അവർ ക്രിസ്തുവിന്റെ സൗഖ്യദായക സാന്നിധ്യമായി. സൗമ്യതയും ക്ഷമയും ത്യാഗപൂർണമായ സേവനവും സുവിശേഷമൂല്യങ്ങളുടെ നിശ്ശബ്ദസാക്ഷ്യമായി ലോകമെങ്ങും പ്രഭ ചൊരിഞ്ഞു.
അവരുടെ കരങ്ങൾ, വേദനാജനകമായ

**പ്രവാസലോകത്തും ലോകാതിർത്തികൾവരെയും ദൈവരാജ്യം വളർത്താൻ സ്വജീവിതം തന്നെ വ്യയം ചെയ്ത് സഭയെ പടുത്തുയർത്തിയ, നഴ്സിംഗ് മേഖലയിലെ സഹോദരിമാർക്ക് ആദരമർപ്പിച്ചുകൊണ്ട് ഈ താളുകളിലൂടെ കടന്നുപോകാം.**

വിവിധ യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്കയിലേക്കും യാത്രതിരിച്ച മലയാളി കത്തോലിക്കാ പെൺകുട്ടികളുടെ കാരുണ്യത്തിന്റെയും വിശ്വാസത്തിന്റെയും ഇതിഹാസമെഴുതിയ മഹായാത്രയെക്കുറിച്ച്.

വല്യപ്പച്ചനും വല്യമ്മച്ചിക്കും സ്തുതി ചൊല്ലി, അപ്പനമ്മമാരെയും കൂടെപ്പിറപ്പുകളെയും ഉൾപ്പിടച്ചിലോടെ ആശ്ലേഷിച്ച്, കണ്ണീർ പൊഴിച്ച് യാത്രപറഞ്ഞ് കടൽ കടന്ന പെണ്മക്കൾ. ഭക്തിയും ദൈവവിചാരവുമായി, വീട്ടകങ്ങളിൽ പ്രിയപ്പെട്ടവരായി വളർന്നവർ. ഇടവക ദേവാലയത്തിലും ഭക്തസംഘടനകളിലും ചൈതന്യത്തോടെ ഉത്തമരായി വഴിനടന്നവർ.

**സ്യൂട്ട്കേസുകളിൽ സഭയെ വഹിച്ചവർ**:
അന്യദേശത്തേക്കുള്ള യാത്രയിൽ അവരുടെ സ്യൂട്ട്കേസുകളിൽ ഹൃദയവായ്പോടെ അവർ കരുതിവച്ചു; കൊന്തയും ക്രൂശിത രൂപവും വണക്കമാസവും നൊവേനപ്രാർഥനകളും. ഹൃദയത്തിൽ സൂക്ഷിച്ച ഒരു സഭയെയാണ് അവർ സ്യൂട്ട്കേസുകളിൽ കൊണ്ടുപോയത്.

വിദേശനഗരങ്ങളിലെ കൊച്ചുമുറികളിലും, ആശുപത്രികളുടെ ശാന്തമായ ഇടനാഴികളിലും, കേരളത്തിൽനിന്നുള്ള നഴ്സുമാരുടെ കുടിയേറ്റത്തിലൂടെ ഒരു നിശ്ശബ്ദ സഭാപ്രസ്ഥാനം പിറവിയെടുത്തു. അവർ ജപമാല ജപമാലയുടെ മന്ത്രങ്ങൾ ഉയർന്നു, പ്രാർഥനാ കൂട്ടായ്മകൾക്ക് തിരിതെളിഞ്ഞു, തങ്ങളുടെ വിശ്വാസത്തെയും പൈതൃകത്തെയും അവർ ലോകത്തിന് മുൻപിൽ പ്രകാശിപ്പിച്ചു. അങ്ങനെ, ആത്മീയതയുടെ നൂലിഴകളിൽ കോർത്ത ഒരു പുതിയ പ്രവാസിസഭയ്ക്ക് അവർ അടിത്തറയിട്ടു. അത് വെറുമൊരു കൂട്ടായ്മയായിരുന്നില്ല, മറിച്ച് വിശ്വാസത്തിന്റെ തീക്ഷ്ണതയിൽ നിന്ന് ഉയിർകൊണ്ട ഒരു ചലിക്കുന്ന സഭ തന്നെയായിരുന്നു.

ഹോസ്റ്റലുകളുടെ ഇടുങ്ങിയമുറികളും സ്വീകരണമുറികളും, ആശുപത്രി ക്വാർട്ടേഴ്സുകളുടെ ഇടനാഴികളും പ്രാർഥനകളുടെയും നൊവേനകളുടെയും സ്നേഹഭവനങ്ങളായി. മലയാളത്തിന്റെ ഈണം നിറച്ച്, അവർ കുട്ടികൾക്ക് വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പകർന്നുനൽകി. നഴ്സുമാരുടെ വീടുകൾ ഗാർഹിക സഭകളായി മാറി, അവിടെ സമൂഹ ആരാധനയുടെ ഊഷ്മളത നിറഞ്ഞു. യൂറോപ്യൻ, അമേരിക്കൻ മണ്ണിൽ, അവരുടെ പ്രയത്നങ്ങളിലൂടെ മലയാളി കത്തോലിക്കാ മിഷനുകൾക്ക് അടിത്തറ പാകി, പിന്നീട് അവ മഹത്തായ രൂപതകളായി വളർന്നു.

ഗൾഫ് കുടിയേറ്റം ശക്തിപ്രാപിക്കുകയും ആ രാജ്യങ്ങളിലേക്ക് ജോലികൾ സ്വീകരിച്ച് നഴ്സുമാരുടെ പ്രവാഹം ആരംഭിക്കുകയും ചെയ്തപ്പോൾ വിശ്വാസവും ആത്മീയതയും നിമിഷങ്ങളെ ആശ്വാസത്തിന്റെ സൗഖ്യസ്പർശങ്ങളാക്കി മാറ്റി.

### ക്രൈസ്തവികതയുടെ സാംസ്കാരിക അംബാസഡർമാർ

രോഗികളുടെ കണ്ണുകളിലും തദ്ദേശവാസികളുടെ വാക്കുകളിലും ഭരണാധികാരികളുടെ വീക്ഷണത്തിലും വിസ്മയം നിറഞ്ഞുനിന്നു. അതിനുകാരണം മലയാളി നഴ്സുമാരുടെ സഹജമായ പ്രശാന്ത പ്രതികരണങ്ങളായിരുന്നു – ആഴമേറിയ ആത്മീയതയായിരുന്നു – തെളിഞ്ഞ ധാർമികതയായിരുന്നു. നഴ്സുമാരുടെ ഈ സമൂഹം കേവലം പ്രൊഫഷണലുകൾ മാത്രമായിരുന്നില്ല, മറിച്ച് ക്രൈസ്തവികതയുടെ സാംസ്കാരിക അംബാസഡർമാരായി, മതേതരലോകത്തിന്റെ ഇടനാഴികളിൽ ക്രിസ്തീയ ധാർമികതയുടെ വെളിച്ചം പകർന്നു. ഭാഷകളുടെയും ദേശീയതകളുടെയും അതിരുകൾ മായ്ച്ചുകൊണ്ട് അവർ മാനവികബന്ധങ്ങളുടെ പുതിയ പാലങ്ങൾ തീർത്തു. അവരുടെ വിശ്വാസം ഭിത്തിയിൽ തൂക്കിയ ഒരു ചിത്രമായിരുന്നില്ല; അത് പ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്ന ജീവസ്സുറ്റ ശക്തിയായിരുന്നു.

### പ്രവാസി സഭയുടെ ശിൽപികൾ

പല പാശ്ചാത്യ നഗരങ്ങളിലും, രാവും പകലും ഇരട്ട ഷിഫ്റ്റുകളിൽ അധ്വാനിച്ച്,

മിതവ്യയത്തോടെ ജീവിച്ച ഈ നഴ്സുമാരുടെ വിയർപ്പുകൊണ്ടും പ്രാർഥനകൊണ്ടുമാണ് ആദ്യത്തെ മലയാളി ചാപ്പലുകൾ ഉയർന്നു വന്നത്. അവരുടെ നിസ്വാർഥമായ പ്രയത്നം, വിശ്വാസത്തെ കെട്ടിപ്പടുത്തത് മാത്രമല്ല, ഒരു പ്രവാസി സമൂഹത്തിന്റെ മുഴുവൻ ഭാവിക്ക് ഉറച്ച അടിത്തറയിടുകയും ചെയ്തു. അവരുടെ ത്യാഗങ്ങൾ കേവലം വ്യക്തിപരമായ നഷ്ടങ്ങളായിരുന്നില്ല; അത് വിദേശമണ്ണിൽ സഭയുടെ ഭാവിക്കുവേണ്ടിയുള്ള നിക്ഷേപങ്ങളായിരുന്നു.

ആചാരങ്ങൾക്കപ്പുറം വളർന്ന ആ പ്രവാസി സമൂഹത്തിൽ, മാതൃഭാഷയായ മലയാളത്തിലുള്ള കുർബാനയോടുള്ള അവരുടെ തീവ്രമായ ആഗ്രഹം, വിവിധ ഭൂഖണ്ഡങ്ങളിൽ രൂപതകളുടെ പിറവിക്കുവരെ വഴിയൊരുക്കി:

**കേരളത്തിലെ നഴ്സുമാർ രൂപതകൾ സ്ഥാപിക്കാനായി യാത്ര തിരിച്ചതല്ല, മറിച്ച് അവരുടെ വിശ്വസ്തതയും, സുവിശേഷസാക്ഷ്യവും, ആത്മാർഥമായ സമർപ്പണവും പ്രവാസിസഭയുടെ അപ്പസ്തോലിക അടിത്തറയായി മാറി.**

ഷിക്കാഗോയിലെ സെന്റ് തോമസ് സീറോ-മലബാർ രൂപത, മെൽബണിലെ സെന്റ് തോമസ് രൂപത, ഗ്രേറ്റ് ബ്രിട്ടനിലെ സീറോ-മലബാർ രൂപത, മിസിസാഗയിലെ സീറോ-മലബാർ രൂപത, യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷൻ, മുംബെയിലെയും ദില്ലിയിലെയും മലയാളി കത്തോലിക്കാ നഴ്സുമാരുടെ വർധിച്ച സാന്നിധ്യവും അജപാലന ആവശ്യങ്ങളുംകൂടി പരിഗണിച്ച് യഥാക്രമം കല്യാണിലും ഫരീദാബാദിലും സ്ഥാപിക്കപ്പെട്ട രൂപതകൾ.

അതുപോലെ, കേരളത്തിൽ നിന്നുള്ള ലത്തീൻ കത്തോലിക്കാ നഴ്സുമാർ, മുംബൈ, ഡൽഹി, ഗൾഫ് നാടുകൾ എന്നിവിടങ്ങളിലെ റോമൻ റീത്ത് ഇടവകകളിൽ ലയിച്ചുചേർന്നു. ഇടവകകൾക്ക് അവർ പുതുജീവൻ നൽകി. പരിശുദ്ധ അമ്മയോടുള്ള നൊവേനകളുടെ മധുരം അവിടെ നിറച്ചു, ദിവ്യകാരുണ്യ ആരാധനയ്ക്ക് അവർ വിളക്കുകൊളുത്തി. ഗൾഫ് ഇടവകകളുടെ ചലനാത്മകതയ്ക്ക് പിന്നിലും അവരുടെ അധ്വാനമുണ്ടായിരുന്നു. ഭക്തിയുടെ ആഴം, ആരാധനാക്രമത്തിന്റെ ചിട്ട, സമൂഹത്തെ ഒന്നിപ്പിച്ചു നിർത്താനുള്ള കരുത്ത് എന്നിവ അവരുടെ പാരമ്പര്യത്തിന്റെ അടിത്തറയായി.

പുനരൈക്യപ്രഭ പ്രസരിച്ച വിവിധമേഖലകളിൽനിന്ന് എത്തിച്ചേർന്ന നഴ്സുമാർ, ആഴമേറിയ മരിയൻ ഭക്തിയും കൂട്ടായ പ്രാർഥനയുടെ ശക്തിയും കൂടെ കൊണ്ടുപോന്നു. അവരുടെ വരവ്, വടക്കേ ഇന്ത്യയിൽ ഡൽഹി ഗുഡ്ഗാവിലും, പൂനാ ഖഡ്കിയിലും ഇന്ത്യക്ക് പുറത്ത് യു.എസ്.എയിലും-കാനഡയിലും മലങ്കര കത്തോലിക്കാ രൂപതകളുടേയും യു.കെ സിറോ മലങ്കര എക്സാർക്കേറ്റിന്റെയും പിറവിക്ക് വഴിതെളിച്ചു.

മലയാളി കത്തോലിക്കാ കുടിയേറ്റ ചരിത്രത്തിലൂടെ യാത്രചെയ്യുമ്പോൾ സവിശേഷമായ ഒരേടാണ് ക്നാനായ കത്തോലിക്കാ നഴ്സുമാരുടേത്. വിദേശതൊഴിലിടങ്ങളിലേക്ക് ഔത്സുക്യത്തോടെ കടന്നുചെന്ന അവർ ആത്മീയ തീക്ഷ്ണതയുള്ള കൂട്ടായ്മയും സഭയുമായി അവിടങ്ങളിൽ വളർന്നു.


### ഭൂഖണ്ഡാന്തരങ്ങളിൽ ഇതിഹാസമെഴുതിയ സാന്ത്വനപ്രേഷിതർ

കേരളത്തിലെ നഴ്സുമാർ രൂപതകൾ സ്ഥാപിക്കാനായി യാത്ര തിരിച്ചതല്ല, മറിച്ച് അവരുടെ വിശ്വസ്തതയും, സുവിശേഷസാക്ഷ്യവും, ആത്മാർഥമായ സമർപ്പണവും പ്രവാസിസഭയുടെ അപ്പസ്തോലിക അടിത്തറയായി മാറി. ആഗോളതലത്തിൽ പ്രിയപ്പെട്ടവരായി മാറിയ ആ സിസ്റ്റേഴ്സിന്റെ കരങ്ങൾ ശരീരങ്ങൾക്ക് സൗഖ്യമേകി, പ്രാർഥനകൾകൊണ്ട് അവർ ആത്മാക്കളെ പോഷിപ്പിച്ചു, ജീവിതംകൊണ്ട് പ്രവാസി സമൂഹങ്ങളെ കെട്ടിപ്പടുത്തു. പലപ്പോഴും ആരുടെയും ശ്രദ്ധയിൽപ്പെടാതെ, എന്നാൽ എല്ലായ്പ്പോഴും അനിവാര്യമായ ഒരു സാന്നിധ്യമായി അവർ നിലകൊണ്ടു.

അതുവരെ ലോകത്തിന് പരിചിതമല്ലാതിരുന്ന യുദ്ധസമാനമായ കോവിഡ് മഹാമാരിയുടെ കാലത്ത്, ലോകരാഷ്ട്രങ്ങളും നേതാക്കളും എന്തിന്, ആരോഗ്യരംഗം തന്നെ പകച്ചുനിന്നപ്പോൾ, പ്രതിസന്ധിയിലേക്ക് എടുത്തുചാടി ലോകത്തിന് മുഴുവൻ പ്രത്യാശയുടെ വിളക്ക് കൊളുത്തിവച്ചതും നമ്മുടെ പെൺകുട്ടികളായിരുന്നു. അതിനാൽ തന്നെയാണ് യൂറോപ്പിലെയും അമേരിക്കയിലെയും മിഡിൽ ഈസ്റ്റിലേയും ഭരണാധികാരികളും ഭരണകൂടങ്ങളും ഈ പുതിയകാലഘട്ടത്തിന്റെ ഫ്ളോറൻസ് നൈറ്റിംഗലുമാർക്കു വേണ്ടി നന്ദിനിറഞ്ഞ മനസ്സോടെ സ്തുതി ചൊല്ലിയത്.

സാന്ത്വനത്തിന്റെ ഈ സ്നേഹസൈനികരുടെ ജീവിതകാണ്ഡം വെറുമൊരു കുടിയേറ്റത്തിന്റെ മാത്രം ചരിത്രമായിരുന്നില്ല. വിശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും ഹൃദയമുദ്രകളോടെ സാധാരണക്കാരായ വിശ്വാസികൾക്ക് എങ്ങനെ ഒരു സഭയെ രൂപപ്പെടുത്താൻ കഴിയുമെന്നതിന്റെ ജീവിക്കുന്ന തെളിവാണത്. അവരുടെ ഓരോ പ്രവൃത്തിയും ഒരു പ്രാർഥനയായിരുന്നു, ഓരോ സേവനവും ഒരു ആരാധനയായിരുന്നു. അങ്ങനെ, പ്രവാസലോകത്ത് സഭയുടെ ജീവനുള്ള ഹൃദയമായി അവർ മാറി. പത്രോസിന്റെ പാറയിൽ ഭൂഖണ്ഡാന്തരങ്ങളിൽ പള്ളി പണിത മലയാളി പെൺകൊടിമാരുടെ സഹനവിജയഗാഥ.

***ലേഖകൻ കോക്കമംഗലം സ്വദേശി. കുവൈറ്റിൽ പ്രവാസി. ഭാര്യ, മൂന്നു മക്കൾ.***


Kairos
MEDIA
JESUS & ME
NAME
A GIFT
The Children's Journal
FOR EVERY
from Kairos Buds
CELEBRATION
Scan to purchase

# ബുദ്ധൻ ചിരിക്കുന്നു!

എന്താണ് ഈ 'ചിരി'യെന്നു പറയുന്നത്? ഹൃദയത്തിലൊരു അതിശാന്ത തടാകമുണ്ടായിരിക്കെ അതിലേയ്ക്ക് വീഴുന്നൊരു സന്തോഷ ഉദ്ദീപനത്തിന്റെ അനുരണനങ്ങൾ മുഖത്തേയ്ക്ക് പടരുന്നതാണ് ചിരി. അതൊരു പൂമൊട്ടു പോലെ സൗമ്യമാകുമ്പോൾ പുഞ്ചിരിയാകുന്നു, സ്വതേ എതിരേ വരുന്നൊരാൾ നമ്മിൽ മന്ദഹാസമായ് വിരിയുന്നു.

'ബുദ്ധൻ ചിരിക്കുന്നു നിർത്താതെ രാപ്പകൽ
ഉണ്ണാതുറങ്ങാതെ ഉരിയാട്ടമില്ലാതെ.
പ്രാണനിൽ തേൾമുന കൊണ്ടു പിടയുമ്പോഴും
ശോണഹസ്തങ്ങളാൽ ഉള്ളുടക്കുമ്പോഴും
ബുദ്ധൻ ചിരിക്കുന്നു നിർത്താതെ രാപ്പകൽ'

രാമചന്ദ്രൻ കട്ടപ്പനയുടെ പുസ്തകം 'അപരാഹ്നം'ത്തിലെ 'ബുദ്ധൻ ചിരിക്കുന്നു' എന്ന കവിതയിലെ വരികളാണിത്.

നിത്യം ചിരിക്കുന്ന 'ലാഫിംഗ് ബുദ്ധ' എന്ന സരളസങ്കൽപം സമ്മാനിച്ച് കടന്നുപോയ 'ബുധായി' എന്ന ആ ആചാര്യനെ നമുക്ക് അത്ര പരിചയം ഉണ്ടാവാൻ തരമില്ല. പത്താം നൂറ്റാണ്ടിന്റെ ഇടവഴിയിൽ ചൈനയിൽ ആയിരുന്നു ആചാര്യൻ ചിരിച്ചു സഞ്ചരിച്ചത്. 'ബുധായി' എന്നാൽ, തുണിസഞ്ചി എന്നാണ് അർഥം. സഞ്ചി നിറയെ സമ്മാനങ്ങളും ഭക്ഷണവുമായി അയാൾ കുട്ടികളുടെ മധ്യേ ചിരിച്ചും ചിരിപ്പിച്ചും നടന്നു. നമ്മുടെ സാന്താക്ലോസിന്റെ ഒരു വകഭേദം.

പലവക ആത്മോപദേശങ്ങളേക്കാളും 'ചിരി' നിങ്ങളെ പഠിപ്പിക്കുന്നു എന്ന് പറഞ്ഞ് ബുധായി നിർത്താതെ ചിരിച്ചു. ഒരിക്കൽ ഗ്രാമവാസികൾ പിടിച്ചു നിർത്തി ചോദിച്ചു. 'എന്തിനാണിങ്ങനെ ചിരിച്ചുകൊണ്ടേ ഇരിക്കുന്നത്?' ബുധായി മെല്ലെ തന്റെ ചാക്കുസഞ്ചി താഴെയിട്ടു. ചാക്കു മേലങ്കി അഴിച്ചു നിലത്തിട്ടിട്ടു കുടവയറിൽ കൊട്ടി പുഞ്ചിരിച്ചു നിന്നു. ഗ്രാമവാസികൾ പറഞ്ഞു: 'ഒന്നും തന്നെ മനസ്സിലായില്ല!' അതുകേട്ട് പൊട്ടിച്ചിരിച്ച് ബുധായി വീണ്ടും ചാക്കുടുത്ത് ചിരിചിരിച്ച് നടന്നു പോയി.

സെൻ ആശയം പറയുന്നതു പോലെ 'ഒന്നും സ്വന്തമാക്കാതെ എല്ലാം സ്വന്തമാക്കിയവൻ.' സ്വന്തമായി ഒരു തുണിസഞ്ചി മാത്രമുണ്ടായിരുന്ന ഒരാൾ പിന്നീട് ഐശ്വര്യത്തിന്റെ സിമ്പലായി മാറിയെന്ന വിരോധാഭാസം എങ്ങനെ സംഭവിച്ചതാവും? 'സമ്പത്തിൽ ആശ്രയിക്കരുത്" എന്ന ആശയത്തെ കുറിക്കാൻ ബുധായിയെ പ്രതിഷ്ഠിച്ചു. പക്ഷേ, അതിന്റെ ആവശ്യം സമ്പന്നർക്ക് മാത്രമായിരുന്നു. ഒട്ടും വൈകാതെ ആശയം തലതിരിഞ്ഞു പോയി. 'ലാഫിംഗ് ബുദ്ധ' എന്ന പേരിലാണ് സമാധാനത്തിന്റെ ബോംബ് പരീക്ഷണം നമ്മൾ നടത്തിയതെന്നത് മറ്റൊരു വിരോധാഭാസമാണ്. അന്ന് പ്രധാനമന്ത്രി ആയിരുന്ന ഇന്ദിരാ ഗാന്ധിക്ക് ഒരു ഫോൺ വന്നു. 'ബുദ്ധൻ ചിരിച്ചു' എന്നു മാത്രമായിരുന്നു ആ മെസ്സേജ്.

ദൈവത്തിന്റെ വികൃതി പോലെ തന്നെ ദൈവത്തിന്റെ ചിരിയും ചിന്തനീയമാണെന്ന് തോന്നുന്നു. ഇസഹാക്കിനെ (Yitzhak) വയോധികയായ സാറായ്ക്ക് ദൈവം സമ്മാനിക്കുമ്പോൾ സാറയാണ് 'ഐസക്ക്" എന്ന പേര് നൽകുന്നത്. 'അവന്റെ ചിരിയുടെ കാരണം' എന്നാണ് അർഥം. 'അസാധ്യ'മെന്ന മനുഷ്യ സാധ്യതക്കപ്പുറമുണ്ടാകുന്ന എല്ലാംതന്നെ ആ ചിരിയുടെ കാരണമാകുന്നു.



## ദൈവപുത്രൻ ചിരിച്ചിട്ടുണ്ടാവുമോ?

Elton Trueblood പോലുള്ള ചില തത്ത്വചിന്തകർ 'The Humor of Christ' എന്ന തലക്കെട്ടിൽ എഴുതിയിട്ടുണ്ട്. മനുഷ്യഹർഷത്തിനും ആഴമുള്ള ആത്മീയതക്കും വിരോധങ്ങളില്ല എന്ന് അടിവരയിട്ട് കാണിക്കുന്നുണ്ട്. ഈശോ ചിരിച്ചിട്ടില്ലെങ്കിൽ, കുട്ടികൾ അവിടത്തെ ഇങ്ങനെ സ്നേഹിക്കുമായിരുന്നില്ല എന്നത് ഒരു സാമാന്യബുദ്ധിയാണ്.

ഇരുപതാം നൂറ്റാണ്ടിനു ശേഷം Warner Sallman പോലുള്ള വരക്കാർ ഈശോയെ വളരെ മനുഷ്യസൗഹൃദവും സ്നേഹപൂർണവുമായ രൂപത്തിൽ വരച്ചു. ചിരിച്ചില്ലെങ്കിലും ശാന്തിയുള്ള, സന്തോഷമുള്ള അദ്ദേഹത്തിന്റെ 'Head of Christ' ലോകത്തിലെ ഏറ്റവും പ്രിന്റ് ചെയ്യപ്പെട്ട പടങ്ങളിലൊന്നായി മാറി. ഈ കാണുന്ന പടങ്ങളിൽ ഒക്കെ ചേട്ടായി ചിരിച്ചു തുടങ്ങിയിട്ട് കുറച്ചു കാലമേ ആയിട്ടുള്ളൂ എന്ന് സാരം. സെൽഫി ഒക്കെ വന്നതിന്റെ സൈഡ് ഇഫക്ട് എന്നൊരു തമാശയൊക്കെ നമ്മക്കും തോന്നാവുന്നതാണ്.

നമ്മുടെ ചിരികളൊക്കെ നുണകളാണെന്ന് തോന്നുന്നു. അല്ലെങ്കിൽ രോഗബാധിതനായി ഹോസ്പിറ്റലിൽ കഴിയുന്ന ഒരു കൂട്ടുകാരനെ കണ്ടിറങ്ങുന്ന സുഹൃത്തുകൾ ചിരിച്ചു കൊണ്ട് എങ്ങനാണ് സെൽഫി എടുക്കുന്നത്? നടനവൈഭവം മാത്രമാണത്. ചിരിക്കാനുള്ള എന്ത് ഹർഷോൻമാദം ചുറ്റും നിലനിർത്തിയിട്ടാണ് നമ്മൾ കൂടെ നിൽക്കുന്നവരോട് 'ചീസ്" എന്നു പറയുന്നത്?

നഷ്ടപ്പെട്ട ആന്തരികഹാസം തിരികെ നൽകപ്പെടുവോളം, നുണ പറയാൻ പാടില്ലാത്തതുപോലെ നുണച്ചിരി ചിരിക്കാനും പാടില്ലത്രേ! ആരോ പതം പറയുന്നുണ്ട് 'നുണച്ചിരിയല്ലേ കൊലച്ചിരിയൊന്നുമല്ലല്ലോ?'

പള്ളിസമൂഹം 'ചീസ്" എന്നതിനെ 'ജീസ്/ജീസസ്സ്" ഒക്കെയാക്കി മാറ്റിയിട്ടുണ്ട്. ഞങ്ങളുടെ ചിരികളെ തിരികെ തരണമേ എന്ന പ്രാർഥനയാവും.



ഫമിലിയ/മൈസ്റ്റോറി - വിനീത ജോബി

# പ്രാർഥനയിൽ പ്രാപ്തരാകുന്നവർ

ഏതൊരു അമ്മയെ പോലെ എന്റെ മനസ്സും നിറയെ ആകുലതയും ഉത്കണ്ഠയുമായിരുന്നു. ദൂരെ സ്ഥലത്തേക്ക് ജോലിക്ക് പോകുമ്പോൾ മനസ്സ് നിറയെ വീടും മക്കളും കുടുംബവും ആയിരുന്നു. എന്നാൽ, എല്ലാ ദിവസവും രാവിലെയുള്ള പരിശുദ്ധ കുർബാനയും ആരാധനയും തെല്ലൊന്നുമല്ല ആശ്വാസം നൽകിയത്. മനസ്സിന്റെ ഭാരമെല്ലാം അവിടെ പറഞ്ഞു കഴിയുമ്പോൾ വലിയൊരു ആശ്വാസം അനുഭവിക്കുമായിരുന്നു.



മക്കളുടെ ആത്മീയ ജീവിതത്തിൽ കുറവുകൾ ഉണ്ടാവരുതേയെന്ന് ഞങ്ങൾ രണ്ടുപേരും അതിയായി ആഗ്രഹിച്ചു. ക്ലാസ്സുകളിൽ ടീച്ചർ അമ്മമാരുടെ കഥകൾ പറയുമ്പോൾ മക്കളുടെ കണ്ണുകൾ നിറയുന്നത് അവരുടെ ടീച്ചർ ശ്രദ്ധിച്ചു. സിസ്റ്റേഴ്സും ടീച്ചർമാരുമെല്ലാം മക്കളോട് സംസാരിക്കുകയും അവർക്കുവേണ്ട കരുതൽ നൽകുകയും ചെയ്തപ്പോൾ ഈശോ എത്രമാത്രമാണ് കരുതുന്നതെന്ന് ചിന്തിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ ഓരോരുത്തരും അവരവരുടെ കാര്യങ്ങൾ തനിയെ ചെയ്യുന്നതും അവരുടെ

പിന്നീടുള്ള ദിവസങ്ങളിൽ ഓരോരുത്തരും അവരവരുടെ കാര്യങ്ങൾ തനിയെ ചെയ്യുന്നതും അവരുടെ ഉത്തരവാദിത്വങ്ങളും ഭംഗിയായി ചെയ്യുന്നതുമൊക്കെ എന്നെയേറെ സന്തോഷിപ്പിച്ചു.

ഉത്തരവാദിത്വങ്ങളും ഭംഗിയായി ചെയ്യുന്നതുമൊക്കെ എന്നെയേറെ സന്തോഷിപ്പിച്ചു. കാവൽ മാലാഖയും പരിശുദ്ധാത്മാവും അവരുടെ ജീവിതത്തിൽ നിറയുന്നത് ഞാൻ അനുഭവിച്ചറിഞ്ഞു.

എന്നെ ഏറെ അത്ഭുതപ്പെടുത്തിയത് ഇളയ മകനിലുണ്ടായ മാറ്റമായിരുന്നു. രാത്രിയിൽ ഉറങ്ങുമ്പോൾ മകന്റെ കൂടെ കിടക്കണം. എന്നാൽ, അന്നൊരിക്കൽ കുറേയധികനേരം അടുത്ത് കിടന്നപ്പോൾ ശാരീരിക ബുദ്ധിമുട്ട് ഉണ്ടായതിനാൽ ഞാൻ എഴുന്നേറ്റു. ആ നേരമത്രയും അവൻ ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. രാത്രിയിൽ ഇടയ്ക്ക് എപ്പോഴോ ഞാനുണരുമ്പോൾ മകന്റെ ഒരു കൈയിൽ മാതാവിന്റെ ചെറിയ രൂപവും മറ്റേ കൈയിൽ ഉണ്ണീശോയുടെ രൂപവും ഞാൻ കണ്ടു. പതുക്കെ ഞാൻ അതെടുത്തു മാറ്റി കുഞ്ഞിനെ ഉറക്കി. പതിവുപോലെ രാവിലെ ഉണർന്നപ്പോൾ ഈ രണ്ടു രൂപവും കാണിച്ച് അവനെന്നോട് പറഞ്ഞു: അമ്മാ, ഞാൻ മാതാവിനെയും ഉണ്ണീശോയെയും കൈയിൽ പിടിച്ചാണ് ഉറങ്ങിയത്. അതുകൊണ്ട് എനിക്ക് പേടിയില്ല, അമ്മ വന്നില്ലെങ്കിലും എനിക്ക് സങ്കടമില്ല എന്ന്.

ഞാൻ ഒത്തിരി സന്തോഷിച്ചു. ഞാൻ എന്തിനെക്കുറിച്ചാണോ വ്യാകുലപ്പെട്ടത് അതറിഞ്ഞ് മാതാവ് ഇടപെട്ടു. ഒരമ്മയുടെ ആകുലതകൾ അറിഞ്ഞ എന്റെ മാതാവ് എന്റെ കുടുംബത്തിലും ഇടപെട്ടു. ഇന്നും പരിശുദ്ധ അമ്മയുടെ നിറസാന്നിധ്യം ഞങ്ങൾ അനുഭവിച്ചറിയുന്നു.

***തിരുവനന്തപുരത്തുകാരിയായ ലേഖിക മലപ്പുറത്ത് പുത്തനങ്ങാടിയിൽ സെന്റ് മേരീസ് കോളേജിൽ അസി. പ്രഫസറായി ജോലി ചെയ്യുന്നു.***

**ഫമിലിയ/വിചിന്തനം - സിജോ സി ജെ, ഖത്തർ**



# ആയുസിന്റെ കൗണ്ട്ഡൗൺ കലണ്ടർ

***"ഞങ്ങളുടെ ആയുസ്സിന്റെ ദിനങ്ങൾ എണ്ണാൻ ഞങ്ങളെ പഠിപ്പിക്കണമേ!"*** *(സങ്കീ 90, 12)*.

ഈ വചനം എന്റെ ആയുസ്സിന്റെ കൗണ്ട്ഡൗൺ കലണ്ടർ ഉണ്ടാക്കിയാലോ എന്ന ചിന്ത മനസ്സിലേക്ക് കൊണ്ടുവന്നു.

വാർഷിക കലണ്ടറിനൊപ്പം കസ്റ്റമൈസ് ചെയ്തു ആയുസ്സിന്റെ കലണ്ടർ കൂടി ഉണ്ടാക്കണം.

എനിക്കിപ്പോ 42 വയസ്സ് കഴിഞ്ഞു.

42 x 365 = 15330 ദിനങ്ങൾ കഴിഞ്ഞു. പരമാവധി എൺപത് വർഷം ജീവിച്ചിരുന്നാൽ ബാക്കിയുള്ള വർഷങ്ങൾ മുപ്പത്തിയെട്ട്. 38 x 365 = 13,870 ദിവസങ്ങളുടെ ഒരു കൗണ്ട്ഡൗൺ കലണ്ടർ ആയിരിക്കും ഉണ്ടാക്കാൻ പറ്റുക. ചുരുക്കത്തിൽ 50% അധികം ജീവിച്ചു കഴിഞ്ഞു. ഇതു ഭൂമിയിലെ ജീവിതത്തിനു ഒരവസാന ദിവസമുണ്ട് എന്നെന്നെ ഓർമിപ്പിക്കും. ഇത്രയും ദിവസങ്ങൾ കഴിയുമ്പോഴേക്കും ഈ ഭൂമിയിൽ ദൈവം എന്നിലൂടെ ചെയ്തു തീർക്കാനുള്ള കാര്യങ്ങൾ ഞാൻ ചെയ്തു തീർത്തിട്ടുണ്ടാകുമോ? അല്ല, എന്തൊക്കെയാണ് എന്റെ ജീവിതം കൊണ്ടു ദൈവം ഉദ്ദേശിക്കുന്നത് എന്നെനിക്കറിയാമോ?

"സ്വാതന്ത്ര്യം ദൈവം നമുക്ക് തന്നിരിക്കുന്നു. അഗ്നിയും ജലവും അവിടന്ന് നിന്റെ മുമ്പിൽ വച്ചിരിക്കുന്നു; ഇഷ്ടമുള്ളത് എടുക്കാം. ജീവനും മരണവും മനുഷ്യന്റെ മുമ്പിലുണ്ട്; ഇഷ്ടമുള്ളത് അവനു ലഭിക്കും" (പ്രഭാ 15 : 16-17). ഇനി ബാക്കിയെന്തു ചിന്തിക്കണമെന്നും എന്തു പ്രവർത്തിക്കണമെന്നുമുള്ള കാര്യങ്ങൾ സ്വയം കണ്ടെത്താം.



**വാർത്താവിചാരം** - സണ്ണി കോക്കാപ്പിള്ളിൽ



# തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ അനുകരണീയമായ ഒരു മാതൃക

2026 ലെ നിയമസഭ തെരഞ്ഞെടുപ്പ്, പ്രചാരണത്തെ സംബന്ധിച്ച് പല മുൻവിധികളെയും മാറ്റിമറിക്കുന്നതായി മാറി. മണ്ഡലത്തിന്റെ മുക്കിലും മൂലയിലും വരെ സ്ഥാനാർഥിയുടെ ഫ്ളക്സ് ബോർഡുകൾ, കട്ടൗട്ടുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ തുടങ്ങി എവിടെ തിരിഞ്ഞു നോക്കിയാലും ജനത്തിന്റെ കണ്ണിൽപ്പെടണം എന്നതാണ് ഒരു കാഴ്ചപ്പാട്. ഇത്തരം പ്രദർശനത്തിലൂടെ മണ്ഡലത്തിൽ നിറഞ്ഞു നിൽക്കുന്ന സ്ഥാനാർഥിയായി മാറുന്നു. ഇതിനുപുറമേ ഒരുപാട് വാഹനങ്ങളും ആളുകളുമായി മണ്ഡലം ഇളക്കിമറിക്കുന്നു. എല്ലാ വഴികളിലൂടെയും വാഹനത്തിൽ മൈക്ക് അനൗൺസ്മെന്റ് നടത്തുന്നു. ഏകദേശം ഒരു കോടിയോളം രൂപ ചെലവ് വരും എന്നാണ് അനൗദ്യോഗിക ഭാഷ്യം. നാഷണൽ ഹൈവേയിൽ ആകാശം മുട്ടെയുള്ള ഹോർഡിങ്ങുകൾ കണ്ടാൽ ജനം വലയിൽ വീഴുമെന്ന് കരുതിയവരുമുണ്ട്. ജനത്തിനുവേണ്ടി മുൻപ് ചെയ്ത കാര്യങ്ങൾ മാധ്യമങ്ങളിലൂടെ പരസ്യം ചെയ്യുന്നവരും പണക്കൊഴുപ്പിൽ ജയിച്ചു കയറാം എന്ന് വിചാരിക്കുന്നവരും പരാജയത്തിന്റെ രുചിയറിഞ്ഞ തെരഞ്ഞെടുപ്പാണ് കടന്നുപോയത്. എന്നാൽ, ഒരു എം.എൽ.എ.യുടെ തെരഞ്ഞെടുപ്പ് പ്രചാരണം എല്ലാ രാഷ്ട്രീയക്കാർക്കും അനുകരിക്കാവുന്നതും പ്രകൃതിക്ക് ദോഷം വരുത്താത്തതും ഏറെ ധനലാഭം ഉണ്ടാക്കുന്നതുമാണ്. പുതുപ്പള്ളി മണ്ഡലത്തിൽ മത്സരിച്ച ചാണ്ടി ഉമ്മന്റെ തെരഞ്ഞെടുപ്പ് പ്രചാരണമാണ് ഇവിടെ പരാമർശിക്കുന്നത്. ഊടുവഴികളിലൂടെയും റോഡുകളിലൂടെയും സാധാരണ സൈക്കിളിൽ യാത്ര ചെയ്ത് അദ്ദേഹം വോട്ട് അഭ്യർഥിച്ചു. വലിയ ചെലവ് വരുന്ന കൊട്ടിക്കലാശം ഒഴിവാക്കി. 21 ലക്ഷം രൂപയുടെ ചെലവിൽ ചാണ്ടി ഉമ്മൻ മണ്ഡലം സ്വന്തമാക്കി. ഫണ്ട് കിട്ടിയത് ബാക്കി 79 ലക്ഷം രൂപ മിച്ചം ഉണ്ടെന്ന് പ്രസ്താവിച്ചു. അത് പാവങ്ങൾക്ക് ഭവന നിർമാണത്തിന് നൽകുമെന്ന് അറിയിച്ചിരിക്കുന്നു. ഈ കണക്ക് നോക്കിയാൽ വെറും 30 കോടി രൂപയ്ക്ക് കേരളത്തിലെ തിരഞ്ഞെടുപ്പ് ചെലവുകൾ തീരും. ഏകദേശം 110 കോടി രൂപയോളം മിച്ചം ഉണ്ടാവും. പരിസ്ഥിതി മലിനീകരണത്തിന് വളരെയധികം കുറവ് വരുന്നു. ആകാശം മുട്ടേയുള്ള ഹോർഡിങ്ങുകളും മാധ്യമ പരസ്യവും ഒക്കെയാകുമ്പോൾ ഇതിലും കൂടുതൽ തുകവരും.

പ്രചാരണത്തിന് കൊഴുപ്പു കൂടിയാൽ വോട്ട് കൂടുതൽ കിട്ടുമെന്നുള്ള തെറ്റായ നിഗമനങ്ങൾ ഇനിയെങ്കിലും മാറണം. ജനത്തിന്റെ മനസ്സറിയുന്നവരും ചേർന്നു നിൽക്കുന്നവരും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരത്തിന് ശ്രമിക്കുന്നവരും തെരഞ്ഞെടുക്കപ്പെടും. താൻ യോഗ്യനാണ് അതിനാൽ വോട്ട് നൽകി ജയിപ്പിച്ചേതീരൂ എന്ന് പറയുന്നവരോട് ജനത്തിന് പുച്ഛമാണ്. ഒന്നാഞ്ഞു ശ്വാസം വിട്ടാൽ പോലും ക്യാമറ കണ്ണുകൾ ഒപ്പിയെടുക്കുന്ന ഈ നവമാധ്യമ കാലഘട്ടത്തിൽ, പെരുമാറ്റത്തിലും സംസാരത്തിലും എത്രമാത്രം സൂക്ഷ്മത പുലർത്തേണ്ടതുണ്ടെന്ന കാര്യവും സ്ഥാനാർഥികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

സർക്കാരിന്റെ പണം എടുത്തു നൽകുന്നത് സ്വന്തം കൈയിൽ നിന്നാണെന്നു വിചാരിക്കുന്നവരും എന്തെങ്കിലും കാര്യം നടത്തിക്കൊടുത്താൽ എന്നും അടിമയായി കഴിയണമെന്നു ചിന്തിക്കുന്നവരും ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരല്ല.




# ഒരു പേരിൽ എന്തിരിക്കുന്നു...!

ഒരു പേരിൽ എന്തിരിക്കുന്നുവെന്ന് പണ്ടുമുതലേ കേൾക്കാറുള്ള കാര്യമാണ്. എന്നാൽ, ഇപ്പോൾ പേരും പ്രശ്നമാണ്. ഭരണത്തിൽ കയറുന്നവർ തങ്ങളുടെ മതത്തിൽ പെട്ടവരാകണം, ന്യൂനപക്ഷത്തിൽപ്പെട്ട ആരും ഉയർന്നു പോകരുത്. മുൻകാലത്തേക്കാളുപരി ജാതിമത ചിന്തകൾ വർധിച്ചുവരുന്നുണ്ടോ എന്ന് സംശയിക്കണം. ജോസഫ് എന്ന പേരിനെ ഭയപ്പെടുന്നവർ ധാരാരാളമുണ്ട്. ലോകമെങ്ങും നോക്കിയാൽ ക്രിസ്ത്യൻ ഐഡന്റിറ്റി പ്രദർശിപ്പിക്കാൻ പറ്റിയ ഏറ്റവും പ്രാധാന്യമുള്ള പേരാണ് ജോസഫ് എന്നത്. താരരാജാവ് ആയപ്പോഴും തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങിയപ്പോഴും ഈ പേര് പലർക്കും അസ്വസ്ഥത നൽകിയിരുന്നു. എന്നാൽ, സംസ്ഥാനത്തിന്റെ ഭരണത്തലവൻ എന്ന വിശേഷ പദവിയിൽ എത്തിയപ്പോൾ അടിവരയിട്ട് ജോസഫ് വിജയ് എന്ന ഞാൻ എന്ന് അദ്ദേഹം എടുത്തുപറഞ്ഞു. തമിഴ്നാട് മുഖ്യമന്ത്രി വിജയ് എല്ലാത്തരത്തിലും ചരിത്രം തിരുത്തിക്കുറിച്ചു.

തമിഴ്നാട്ടിൽ ഇവാഞ്ചലിസ്റ്റ് ഭരണമെന്ന് പറഞ്ഞ് ഉറഞ്ഞുതുള്ളുകയാണ് സമൂഹ മാധ്യമങ്ങളിൽ ഹിന്ദുത്വ ശക്തികൾ. രാജ്യത്തെ മതരാഷ്ട്രമാക്കിത്തീർക്കാൻ വെമ്പുന്നവർക്ക് സന്തോഷമുള്ള കാര്യമല്ല തമിഴ്നാട്ടിൽ സംഭവിച്ചത്. ജനങ്ങൾ ഒരു മാറ്റം ആഗ്രഹിച്ചു. അവരുടെ ആഗ്രഹങ്ങളെ സാക്ഷാത്കരിക്കാൻ കഴിവുണ്ടെന്ന് കണ്ടെത്തിയ ആളെ അവർ തെരഞ്ഞെടുത്തു. മതം തലയ്ക്കു പിടിച്ച ചിലർക്ക് അത് ദഹിക്കാതെ പോയി.

ഭാരതം പോലുള്ള ഒരു ബഹുസ്വര സമൂഹത്തിൽ മതപ്രീണനം മുഖമുദ്രയായി എടുത്തവരല്ല നേതൃത്വത്തിലേക്ക് വരേണ്ടത്. എല്ലാവരെയും ഒരുപോലെ കാണാൻ കഴിവുള്ളവരാകണം. ഉന്നത സ്ഥാനത്തേക്ക് കടന്നുവരുന്നവർ തങ്ങളുടെ മതത്തിൽ പെട്ടവർ മാത്രമായിരിക്കണമെന്ന് വാശിപിടിക്കുന്നവർ ജനാധിപത്യത്തിനു കളങ്കമാണ് വരുത്തുന്നത്. പ്രബുദ്ധരായ ജനങ്ങൾക്ക് ഈ പ്രാവശ്യം ഇക്കാര്യം മനസ്സിലായി.

# യന്ത്രങ്ങൾ മനുഷ്യനെ കീഴടക്കിയാൽ

മനുഷ്യന് സാധ്യമായതോ ഏറെക്കാലമെടുത്ത് ചെയ്തിരുന്നതോ ആയ പല കാര്യങ്ങളും ഇന്ന് യന്ത്രങ്ങളാണ് കൈകാര്യം ചെയ്യുന്നത്. യന്ത്രങ്ങൾ മനുഷ്യന് ഒട്ടേറെ ആശ്വാസമാണ് നൽകുന്നത്. മുമ്പ് മനുഷ്യൻ ചെയ്തിരുന്ന പല ജോലികളും റോബോട്ടുകൾ ഏറ്റെടുത്തപ്പോൾ ഒരുപാട് ജോലിനഷ്ടം മനുഷ്യനുണ്ടായി. എന്നാൽ, ഇവയെ നിയന്ത്രിക്കാനുള്ള ബുദ്ധിശക്തിക്ക് മനുഷ്യൻ ആവശ്യമായി വന്നു. ഒരു ഭാഗത്ത് ജോലി നഷ്ടമുണ്ടായപ്പോൾ പുതിയതരം ജോലി രൂപപ്പെട്ടു. എന്നാൽ, മനുഷ്യബുദ്ധി ഒരു പരിധിവരെ യന്ത്രത്തിലേക്ക് കൈമാറ്റം ചെയ്തപ്പോൾ നഷ്ടപ്പെടുന്ന ജോലികൾക്ക് പരിഹാരം ഇല്ലാതെ വരുമെന്നും ഭയപ്പെടേണ്ടതുണ്ട്. നിർമിത ബുദ്ധിയുടെ മുന്നോട്ടുള്ള വളർച്ച മനുഷ്യരാശിയെ ഏതുവിധത്തിൽ ബാധിക്കുമെന്ന് ഒരെത്തും പിടിയും കിട്ടാത്ത നിലയിലാണ്. താമസിയാതെതന്നെ ജോലി സാധ്യതകൾ വലിയ മാറ്റ മറിച്ചിലുകൾക്കു വിധേയമാകും. വിദ്യാഭ്യാസത്തിന്റെയും ജോലിയുടെയും രീതികൾ മാറിമറിയും. ഇതിനിടയിൽ വ്യക്തവും യുക്തവുമായ തീരുമാനങ്ങൾ എടുക്കാൻ പുതുതലമുറയ്ക്ക് ഏറെ ക്ലേശിക്കേണ്ടി വരാം.

സ്മാർട്ട് കിഡ്സ് - ചിത്രീകരണം: വെങ്കി



കഥ: സെറീൻ ഏയ്ഞ്ചൽ

# അബ്രുവിന്റെ ജിബ്രു

അമ്മയേയും അബ്രുവിനേയും കൂട്ടി പപ്പ ടാക്സി കാറിൽ ആശുപത്രിയിലേക്ക് പോകുകയായിരുന്നു. അൽപം അമ്പരപ്പോടെ അവൻ പപ്പയോട്, അമ്മയ്ക്ക് എന്തുപറ്റിയെന്നും അമ്മയെ എന്തിനാണ് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതെന്നും ചോദിക്കുന്നുണ്ടായിരുന്നു. അമ്മയ്ക്ക് ഒന്നും പറ്റിയതല്ലയെന്നും ഡോക്ടറെ കാണിക്കാൻ വേണ്ടി പോകുകയാണെന്നും അവനെ പറഞ്ഞു മനസ്സിലാക്കി. എങ്കിലും അമ്മയുടെ അടക്കിപ്പിടിച്ച കരച്ചിലും വേദനയുമൊക്കെ കണ്ടപ്പോൾ കാറിലിരുന്ന അബ്രു എന്തെന്നില്ലാതെ അസ്വസ്ഥനായിരുന്നു. അവൻ അമ്മയുടെ കൈയിൽ പിടിച്ച് കരഞ്ഞു കൊണ്ടിരുന്നു. കാർ ആശുപത്രിയുടെ ഗേറ്റിലൂടെ അകത്തു കടന്നു. ഉടനേതന്നെ സ്ട്രച്ചറിൽ കിടത്തി അമ്മയെ അകത്തേക്ക് കൊണ്ടു പോയി. കൂടെ അബ്രുവും പപ്പയും.

അമ്മയെ അകത്തേക്ക് കൊണ്ടുപോയി ഡോക്ടറെ കണ്ടതിനുശേഷം അബ്രുവും പപ്പയും പുറത്ത് കാത്തിരിക്കുകയായിരുന്നു. അന്നേരമാണ് പപ്പ വിശദമായി അബ്രുവിനോട് കാര്യങ്ങൾ പറഞ്ഞത്. അമ്മയുടെ വയറ്റിലെ കുഞ്ഞുവാവ ഇപ്പോൾത്തന്നെ വരുമെന്നും ഉടനെതന്നെ അബ്രു ഒരു ചേട്ടനാകുമെന്നും പപ്പ പറഞ്ഞത് കേട്ടപ്പോൾ അബ്രുവിന്റെ കണ്ണുകൾ വിടർന്നു. അവന് സന്തോഷമായി. പപ്പ അവനെ ചേർത്തു പിടിച്ച് കുഞ്ഞുവാവയെ കുറിച്ച് പറഞ്ഞുകൊടുത്തു. കുഞ്ഞുവാവ വന്നു കഴിയുമ്പോൾ അബ്രുച്ചേട്ടനാണ് വാവയെ നോക്കേണ്ടതെന്നും പറഞ്ഞപ്പോൾ അവൻ സന്തോഷം കൊണ്ട് മതിമറന്നു. മൂന്നു വയസ്സുള്ള അബ്രു തന്റെ കുഞ്ഞുവാവയെയും കാത്ത് പപ്പയോടൊപ്പം അവിടെയിരുന്നു.






ഒമ്പത് മാസം പൂർത്തിയായ അവന്റെ അമ്മയ്ക്ക് ഓപ്പറേഷൻ വേണ്ടിവരുമെന്ന് ഡോക്ടർ നേരത്തെ തന്നെ പറഞ്ഞിരുന്നു. ഇടയ്ക്ക് അകത്തുനിന്നും നഴ്സ് വന്ന് പപ്പയോട് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അതുകേട്ട് വലിയ സന്തോഷത്താൽ പപ്പ, ഉടനെ കുഞ്ഞുവാവ വരുമെന്നും അമ്മയ്ക്കുവേണ്ടി പ്രാർഥിക്കണമെന്നും അവനോട് പറഞ്ഞു. അവർ ഇരുന്ന സ്ഥലത്തിനടുത്ത് പൂന്തോട്ടത്തിൽ മാതാവിന്റെ ശിൽപമുണ്ടായിരുന്നു. അവിടേക്ക് നോക്കി അവൻ കൈകൾ കൂപ്പി പ്രാർഥിച്ചു.

ഇടയ്ക്ക് പപ്പ ഫോണിൽ ആരോടൊക്കെയോ സംസാരിക്കുന്നുണ്ടായിരുന്നു. ഏറെനേരം അവരവിടെ ഇരുന്നു. ഓപ്പറേഷൻ കഴിഞ്ഞുവെന്നും  പെൺകുഞ്ഞ് ആണെന്നും നഴ്സ് പുറത്തുവന്ന് പപ്പയോട് പറയുന്നത് അബ്രു അറിഞ്ഞില്ല. പിന്നീട് കളികൾക്കിടയിൽ അവനെ വിളിച്ച് പപ്പ അനുജത്തി പിറന്ന കാര്യം അവനെ അറിയിച്ചു. ഒരു വലിയ ചുവന്ന ബോളും പിന്നെയൊരു ടെഡിയേയും വാങ്ങണമെന്ന് അപ്പോൾ തന്നെ അവൻ പപ്പയോട് പറഞ്ഞു. പപ്പ ചിരിച്ചുകൊണ്ട് സന്തോഷത്തോടെ തലയാട്ടി. നഴ്സ് വന്ന് അവരെ അകത്തേക്ക് വിളിച്ച് അമ്മയെയും കുഞ്ഞാവയെയും കാണിച്ചുകൊടുത്തു. പൊടി വാവയെ നേരിട്ട് കണ്ടപ്പോൾ തൊട്ടുനോക്കാൻ മടി കാണിച്ച അബ്രുവിന്റെ കൈകൾ പപ്പ പിടിച്ചുകൊണ്ട് അവനെ വാവയെ തൊടുവിച്ചു. ക്ഷീണിതയായ അമ്മ, അബ്രുവിനെ തലോടി കുഞ്ഞാവയെ കാണിച്ചുകൊടുത്തു. പപ്പയും അവനും പുറത്തേക്കിറങ്ങുമ്പോൾ അബ്രുവിന്റെ മനസ്സ് നിറയെ സ്വപ്നങ്ങളായിരുന്നു. വാവ വീട്ടിലെത്തുമ്പോൾ പാർക്കിൽ പോകണം, ഊഞ്ഞാലാടണം, ഐസ്ക്രീം കഴിക്കണം എന്നിങ്ങനെ നീണ്ട പ്ലാനുകളായിരുന്നു അബ്രുവിന്റെ മനസ്സിൽ. അബ്രഹാം എന്നു മാമോദീസ പേരുള്ള അവനെ അബ്രുവെന്നാണ് വിളിച്ചിരുന്നത്. പുതിയ അനുജത്തി വാവയ്ക്ക്, അവർ വീട്ടിൽ സെലക്ട് ചെയ്തു വച്ചിരുന്ന സാറാ എന്ന പേര് കൊടുക്കാമെന്ന കാര്യം പപ്പ പറഞ്ഞപ്പോൾ, അബ്രു സെലക്ട് ചെയ്തു വച്ചിരുന്ന ജിബ്രു എന്ന പേര് മതിയെന്ന് അവൻ വാശിപിടിച്ചു. പേരിന്റെ കാര്യം കുഞ്ഞുവാവയും അമ്മയും വീട്ടിലെത്തിയതിനുശേഷം നമുക്ക് സെറ്റാക്കാമെന്ന് പപ്പ അവനോട് പറഞ്ഞു. കുഞ്ഞാവ വീട്ടിലെത്തിയതിനുശേഷം നമുക്ക് ജിബ്രു എന്ന് വിളിക്കാമെന്ന് അവനും പറഞ്ഞു.

അബ്രുവും പപ്പയും ഗാർഡനിലെ മാതാവിന് മുന്നിൽ ചെന്ന് നന്ദി പറഞ്ഞു പ്രാർഥിച്ചു. പ്രാർഥിക്കുന്ന നേരത്ത് കുഞ്ഞുവാവയുടെ കരച്ചിൽ പുറത്തു കേൾക്കാമായിരുന്നു. അതുകേട്ട് അബ്രു പപ്പയെ തോണ്ടി വിളിച്ച് അങ്ങോട്ടേക്ക് ചൂണ്ടിക്കാണിച്ചു. ചിരിച്ചുകൊണ്ട് പപ്പ വീണ്ടും കൈകൾ കൂപ്പി. പപ്പയോടൊപ്പം അബ്രുവും കൈകൾ കൂപ്പി കണ്ണുകളടച്ച് പ്രാർഥനയിൽ മുഴുകി. സമയം ഉച്ചയ്ക്ക് പന്ത്രണ്ട് മണി. ആശുപത്രിയിലെ ചാപ്പലിൽ നിന്നും പ്രാർഥനയ്ക്കായുള്ള പള്ളിമണിയുടെ സ്വരമുയർന്നു.



# വഴുതന മാത്തൻ



**കാർട്ടൂൺ:** സിനിൽ കെ.ജെ. / **ആശയം:** സ്റ്റീവ് വർഗീസ്






SUB SCR IBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES


To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/06/2026, ₹50.00

# സ്കൂളുകൾ തുറക്കുന്നു; വായനയുടെ ലോകവും




## വ്യക്തിത്വ രൂപീകരണത്തിനും, ആത്മീയാഭിവൃദ്ധിക്കും സഹായകരമാകുന്ന ഉത്തമമായ മാസിക കെയ്റോസ് !

**കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള ഒരു കത്തോലിക്കാ പ്രസിദ്ധീകരണം**

വരിക്കരാകാൻ ഈ QR കോഡ് സ്കാൻ ചെയ്യുക:

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662